ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കൂബ്യൻ

2010, MARCH

YAKKOOBYAN MONTHLY



### മനോജ് മാത്യൂവിന് പാത്രിയർക്കാ ബഹുമതി



യാക്കോബായ സഭ മാനേജിംഗ് കമ്മറ്റിയംഗം മനോജ് മാത്യു ആര്യാടൻ പാക്കലിന് സഭാ സേവനങ്ങളുടെ അംഗീകാരമായി പരിശുദ്ധ പാത്രിയർക്കീസ് ബാവ മെറിറ്റ് സർട്ടിഫിക്കറ്റ് നൽകി അനുഗ്രഹിച്ചു. കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ഫെബ്രുവരി 7ന് നടന്ന സമ്മേളനത്തിൽവെച്ച് ശ്രേഷ്ഠ കാതോലിക്ക ബാവ മെറിറ്റ് സർട്ടിഫിക്കറ്റ് നൽകി. കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, സഭാ എഡ്യുക്കേഷണൽ ട്രസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, അന്ത്യോഖ്യ വിശ്വാസസംരക്ഷണസമിതി കേന്ദ്രകമ്മിറ്റിയംഗം, വിശ്വാസ സംരക്ഷകൻ പത്രത്തിന്റെ സബ്ബ് എഡിറ്റർ, ചെങ്ങളം YMCA ട്രഷറാർ എന്നീ നിലകളിൽ ചെങ്ങളം സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി ഇടവാംഗമായ മനോജ് മാത്യു പ്രവർത്തിക്കുന്നു.

യൂത്ത് അസോസിയേഷൻ അഖില മലങ്കര സെക്രട്ടറി, കോട്ടയം ഭദ്രാസന വൈസ് പ്രസിഡന്റ്, KCC യൂത്ത് ഫോറം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

### അലൈൻ പള്ളി കൂദാശ ചെയ്തു

### ഉറച്ച വിശ്വാസവും പ്രത്യാശയുമുള്ളവരാണ് വിശ്വാസികൾ: പ. പാത്രിയർക്കീസ് ബാവ

യു.എ.ഇ.: ഉറച്ചവിശ്വാസത്തിലൂടെയും പ്രത്യാശയിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുന്നവരാണ് യാഥാർത്ഥ വിശ്വാസികൾ എന്ന് പ. പാത്രിയർക്കീസ് ബാവ ഉദ്ബോധിപ്പിച്ചു. അലൈനിൽ നിർമ്മിച്ച വിദേശത്തെ ഏറ്റവും വലുതും മനോഹരവുമായ യാക്കോബായ ദൈവാലയം കൂദാശചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശ്രേഷ്ഠ കാതോലിക്കാ മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ജോസഫ് മാർ ഗ്രീഗോറിയോസ്, മോർ തെയോഫിലോസ് സ്ലീബാ, മാർ പീലക്സീനോസ് മാത്യൂസ്, കുറിയാക്കോസ് മാർ തെയോഫീലോസ്, മാത്യൂസ് മാർ അപ്രേം, ഡോ. ഗീവറുഗീസ് മാർ കൂറീലോസ് എന്നിവർ സഹകാർമ്മികരായിരുന്നു. പ്രമുഖ വ്യവസായി എം.എ. യൂസഫലി ചടങ്ങിൽ സംബന്ധിച്ചു. വികാരി ഫാ. അജി മാത്യു കരിമ്പനയ്ക്കൽ, ഉമ്മൻ വറുഗീസ് തുടങ്ങിയവർ ചടങ്ങുകൾ ക്രമീകരിച്ചു.

### സഖറിയാ മാർ പീലക്സീനോസിന്റെ സുന്ത്രോണിസോ നടന്നു

ശ്രേഷ്ഠ കാതോലിക്കാബാവയുടെ മുഖ്യകാർമ്മികത്വത്തിൽ മലബാറിന്റെ ഭദ്രാസനാധിപനായുള്ള മാർ പീലക്സീനോസിന്റെ സ്ഥാനാരോഹണം മീനങ്ങാടി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ദൈവാലയത്തിൽ നടന്നു. മാർ അപ്രേം പ. പാത്രിയർക്കീസ് ബാവയുടെ സുസ്ഥാത്തിക്കോൻ വായിച്ചു. തിരുമേനിയെ സിംഹാസനത്തിലിരുത്തി ഒക്സിയോസ് ചൊല്ലി വൈദീകർ മൂന്നു പ്രാവശ്യം ഉയർത്തി. ശ്രേഷ്ഠ ബാവ സ്ഥാനചിഹ്നമായ കുരിശുമാലയും അംശവടിയും നല്കി. പതിനായിരങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

### കോഴിക്കോട്ട് ഭദ്രാസനാസ്ഥാനശില ശ്രേഷ്ഠ ബാവ സ്ഥാപിച്ചു.

താമരശ്ശേരി കാരാടിയിൽ കോഴിക്കോട്ട് ഭദ്രാസനാസ്ഥാനത്തിന്റേയും അനുബന്ധ സ്ഥാപനങ്ങളുടേയും ശിലാസ്ഥാപനം ശ്രേഷ്ഠ ബാവ തിരുമേനി നിർവഹിച്ചു. സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദീകരും നേതാക്കളും വിശ്വാസികളും സംബന്ധിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ ഐറേനിയോസ് നന്ദി പ്രകാശിപ്പിച്ചു.

### വടവുകോട് കേസ് തള്ളി

വടവുകോട് പള്ളിക്കെതിരെ കാതോലിക്കാ വിഭാഗം കൊടുത്ത ഹർജ്ജി പെരുമ്പാവൂർ മുൻസിഫ് കോടതി തള്ളി. പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്ന പള്ളിസാമഗ്രികൾ യാക്കോബായ വിഭാഗം ഏറ്റുവാങ്ങി കുർബ്ബാന അർപ്പിച്ചു.

### ചേപ്പാട് പള്ളി കൂദാശ ചെയ്തു

പുതുക്കിപ്പണിത ചേപ്പാട് യാക്കോബായ പള്ളി ഇടവക മെത്രാപ്പോലീത്താ ഡോ. ഗീവറുഗീസ് മാർ കൂറീലോസ് കൂദാശ ചെയ്ത് വി. കുർബ്ബാന അർപ്പിച്ചു.

### ഐസക് മാർ ഒസ്ത്താത്തിയോസിന്റെ സുന്ത്രോണീസോ ഫെബ്രുവരി 21ന്

മൈലാപ്പൂർ ഭദ്രാസനത്തിന്റെ പുതിയ ഇടയൻ ഐസക് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ ഫെബ്രുവരി 21ന് ശ്രേഷ്ഠ കാതോലിക്കാബാവ തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ അണ്ണാനഗർ സെന്റ് തോമസ് യാക്കോബായ പള്ളിയിൽ നടക്കും.

### കൂത്താട്ടുകുളത്ത് എഞ്ചിനീയറിംഗ് കോളേജ്

യാക്കോബായ സുറിയാനി ക്രിസ്ത്യാനി ഫെലോഷിപ്പ് ജോസഫ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കൂത്താട്ടുകുളത്ത് ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളജിന്റെ ശിലാസ്ഥാപനം ശ്രേഷ്ഠ കാതോലിക്കാ ബാവ തിരുമനസ്സുകൊണ്ട് നിർവഹിച്ചു. ഈ അദ്ധ്യയന വർഷം ക്ലാസ് ആരംഭിക്കും. ശ്രേഷ്ഠ ബാവ ചെയർമാനും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വൈസ് ചെയർമാനും ഫാ. എബി എളങ്ങനാമറ്റം ട്രസ്റ്റ് വികാരിയും കമാണ്ടർ കെ.എ. തോമസ് ജനറൽ സെക്രട്ടറിയും അഡ്വ. പീറ്റർ കെ. ഏലിയാസ് സെക്രട്ടറിയും ബൈജു ഏബ്രഹാം ട്രഷറാറുമായി പ്രവർത്തിക്കുന്നു. കെട്ടിടംപണി പുരോഗമിക്കുന്നു.

### ആനിക്കാട് ഗ്രീഗോറിയൻ മൗണ്ട് സെന്റർ

മല്ലപ്പള്ളി ആനിക്കാട് സെന്റ് ജോർജ്ജ് യാക്കോബായ പള്ളിയോടടുത്ത് സഭയ്ക്ക് ലഭിച്ച രണ്ടേക്കർ സ്ഥലത്ത് നിരണം ഭദ്രാസനം ആരംഭിച്ച ധ്യാനമന്ദിരത്തിന്റെ കൂദാശയും പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനവും ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. ഡോ. ഗീവറുഗീസ് മാർ കൂറിലോസ് അദ്ധ്യക്ഷതവഹിച്ചു.

# നോമ്പ്

ദൈവ തിരുമുമ്പാകെ നമ്മെതന്നെ പരിപൂർണ്ണമായി സമർപ്പിക്കുന്ന പ്രക്രിയയാണ് നോമ്പ്. നമ്മുടെ ശരീരവും ആത്മാവും മനസ്സും ദൈവഹിതത്തിനു സമർപ്പിക്കുന്നതിനുള്ള പരിശീലനവും നിശ്ചയവുമാണ് നോമ്പിലൂടെ നാം പ്രകടിപ്പിക്കുന്നത്. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും അനുതാപത്തിനും പുനഃക്രമീകരണത്തിനും പുത്തൻതീരുമാനങ്ങൾക്കും നാം വശംവദരാകുന്നു.

സുറിയാനി സഭയുടെ മോറാനായ പെരുന്നാളുകൾ നോമ്പോടുകൂടിയാണ് ആചരിക്കുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷണ്യപ്രവർത്തനങ്ങളുടെ വിവിധ ഘടകങ്ങളെ വിവിധ നോമ്പുകളിലൂടെ ആചരിക്കുമ്പോൾ, കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും ഉയർത്തെഴുന്നേല്പും വലിയനോമ്പിൽ നാം ധ്യാനിക്കുന്നു. നമ്മുടെ കർത്താവ് തന്റെ പരസ്യവേലക്ക് മുമ്പായി മരുഭൂമിയിൽ നടത്തിയ 40 ദിന ഉപവാസത്തോടൊപ്പം പിന്നീട് സഭ കഷ്ടാനുഭാഴ്ചയും ബുധനാഴ്ചയ്ക്ക് മുമ്പുവരുന്ന 3 ദിനങ്ങളുംകൂടി ചേർത്ത് പേത്തുർത്താ മുതൽ ഉയർപ്പുവരെ 50 നോമ്പാക്കി ക്രമീകരിച്ചു. പേതുർത്താ കഴിഞ്ഞുള്ള തിങ്കളാഴ്ച ശുബ്ക്കോനോ അഥവാ അനുതാപശുശ്രൂഷ നടത്തി നിരപ്പിന്റെ ആവശ്യകത ബോധ്യപ്പെടുത്തും. പകയും വിദ്വേഷവും പിണക്കവും അസൂയയും മനസ്സിൽവെച്ചുകൊണ്ട് നോമ്പ് ആചരിച്ചാൽ ഗുണമുണ്ടാകില്ല. ആഗ്രഹാഭിലാഷങ്ങളെ അടക്കി ദൈവഹിതത്തിനു കീഴ്പ്പെടണം.

നോമ്പുകാലം നമ്മുടെ കുടുംബവും ഇടവകയും സമൂഹവും ദൈവരാജ്യത്തിന്റെ അനുഭവത്തിലും അനുഭൂതിയിലുമായി തീരണം. തന്നിഷ്ഠങ്ങളും ഭക്ഷണപ്രിയവും സുഖലോലുപതയും അഹന്തയും വിട്ടകന്ന് അനുതാപത്തിലും അനുരഞ്ജനത്തിലും വിനയത്തിലുമൂന്നി സ്നേഹത്തോടെ മറ്റുള്ളവരുമായി കൂട്ടായ്മ അനുഭവിക്കാൻ കഴിയണം. യേശുവിനെ മാതൃകയാക്കി ക്രിസ്തീയജീവിതം നയിക്കാനുള്ള കളരിയാണ് നോമ്പ്. മനസ്സിനേയും ശരീരത്തെയും നിയന്ത്രിക്കാനും ആത്മാവിനെ ബലപ്പെടുത്താനും ശക്തി ആർജ്ജിക്കാനും ഒപ്പം ക്രിസ്തീയ വ്യക്തിത്വത്തെ പരിപോഷിപ്പിക്കുന്ന തിരുവചനപഠനം, നമസ്കാരം, ആരാധന ഇവ ജീവിതക്രമത്തിന്റെ ഭാഗമാക്കാനും അഹങ്കാരം, നിഗളം, ആത്മപ്രശംസ ഇവ പൂർണ്ണമായി ഉപേക്ഷിച്ച് സ്വയംകൃതമായ ജീവിതശൈലിയിൽനിന്ന് ദൈവനിയന്ത്രണത്തിൽ നമ്മുടെ ജീവിതം ആയിതീരണം. വിലക്കപ്പെട്ട കനി ഉപേക്ഷിക്കാനും ദൈവകല്പനക്ക് വിധേയപ്പെട്ടു ജീവിക്കാനും കഴിയണം. അനാവശ്യ ശീലങ്ങളും മോഹങ്ങളും ഭാരങ്ങളും വലിച്ചെറിയണം ആവശ്യമായതുമാത്രം, ദൈവത്തിനു നിരക്കുന്നത് മാത്രം തെരഞ്ഞെടുക്കുക. വർജ്ജിക്കലും ത്യാഗവും ജീവിതാനുഭവങ്ങളാക്കുകയും ഇത് മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുമ്പോൾ മറ്റുള്ളവർക്ക് ഭക്ഷണവും സൗഖ്യവും മറ്റും നൽകിയ കർത്താവിന്റെ സ്നേഹം നാം പ്രവർത്തിയിൽ വരുത്തുന്നു. സമൂഹത്തിന്റെ കുറവുകൾ നികുത്തുന്നതിൽ നാം ഭാഗഭാക്കാകുന്നു. വേദനിക്കുന്നവരോടും വിശക്കുന്നവരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും നാം പങ്കാളികളാകുന്നു. "ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പീഡിതരെ വിടുവിച്ചയപ്പാനും ദരിദ്രരോട് സുവിശേഷം അറിയിപ്പാനുമുള്ള" കർത്താവിന്റെ ജഢാവതാരത്തിന്റെ ലക്ഷ്യം നിറവേറ്റാൻ ഈ നോമ്പുകാലം വിനിയോഗിക്കണം. വെടിയുന്ന ഭക്ഷണം വിശന്നിരിക്കുന്നവർക്ക് ലഭ്യമാക്കുന്നത് മാത്രമല്ല, മറ്റു മത്സ്യം, മാംസം തുടങ്ങി പ്രകൃതിവിഭവങ്ങൾ ഉപഭോഗമായി ഉപയോഗിക്കുന്നത് ഇല്ലാതാകുന്നതോടെ പ്രകൃതിയെ സംരക്ഷിക്കാനും, വരുംതലമുറക്കുവേണ്ടി കരുതി സംരക്ഷിക്കുവാനുമുള്ള ചിന്ത സ്വയം ഉടലെടുക്കുന്നു.

സ്വന്തതാല്പര്യങ്ങൾക്കും വിജയങ്ങൾക്കുമായി ആരെയും എന്തും നശിപ്പിക്കാനും അകറ്റാനും മടികാണിക്കാത്ത ഇന്നത്തെ സ്വാർത്ഥസമൂഹം ഈ പീഢാനുഭവ ഓർമ്മയിലൂടെ കർത്താവിന്റെ സ്വയം ത്യാഗവും നിസ്വാർത്ഥസ്നേഹവും മറ്റുള്ളവർക്കുവേണ്ടി ജീവൻ ബലികഴിക്കാനുള്ള സന്മനസ്സും ധ്യാനിക്കാനും ജീവിതത്തിൽ പകർത്താനും തയ്യാറാകുന്നു. എല്ലാം നൽകാം വന്ദിച്ചാൽ മതിയെന്ന സാത്താന്റെ പ്രലോഭനങ്ങൾ കർത്താവ് തള്ളിക്കളഞ്ഞതുപോലെ ഭൗതീക പ്രലോഭനങ്ങൾ നശ്വരമാണെന്നും നശിക്കാത്ത ദൈവത്തിന്റെ വചനം നിത്യരക്ഷക്കും ആത്മീയ വിശപ്പിനും മതിയാകുമെന്നും ബോധം ഉണ്ടാകുന്നു. സ്വന്തം സഹോദരങ്ങളോടും അയൽക്കാരോടുമുള്ള സമീപനത്തിൽ തന്നെ നോമ്പ് മാറ്റമുണ്ടാക്കുന്നു. ദൈവസ്നേഹത്തിന്റെ ആഴമനുഭവിച്ച് സ്വർഗ്ഗീയ മഹത്വം അനുഭവിക്കാൻ കഴിയണം. ദൈവരാജ്യത്തിലേക്കുള്ള വഴി നോമ്പ് എളുപ്പമാക്കുന്നു. ആന്തരീക ശുദ്ധീകരണത്തിലൂടെ ആത്മീയസന്തോഷം അനുഭവിക്കാൻ നോമ്പും ഉപവാസവും സഹായിക്കുന്നു.

യിസ്രായേൽ മക്കൾ തങ്ങളുടെ കഷ്ടകാലത്ത് അനുതപിച്ച് ഉപവസിച്ചതിനാൽ വിടുതൽ ലഭിച്ചു. യുദ്ധത്തിൽ ജയിച്ചു. മോശ ദൈവീകകല്പനകൾ പ്രാപിച്ചു. നിനുവേക്കാർ കഷ്ടതകളിൽനിന്ന് രക്ഷപ്പെട്ടു. ഏലിയ ആകാശത്തുനിന്ന് തീയിറക്കി നെഹമ്യാവ് യുദ്ധം ജയിച്ചു. സ്വാർത്ഥതക്കുവേണ്ടി ഉപവസിക്കുന്നത് പാപമാണ്, കാപട്യമാണ് (1 രാജ. 21). ആഹാബിന്റെ രാജ്ഞി ഈസബേൽ നാബോത്തിന്റെ മുന്തിരിത്തോപ്പ് തട്ടിയെടുക്കാൻ ദരിദ്രനായ നാബോത്ത് ദൂഷണം പറയുന്നെന്ന് ആരോപിച്ച് ജനമദ്ധ്യത്തിൽ ഒരു ഉപവാസം പ്രസിദ്ധമാക്കി സ്വാർത്ഥതാല്പര്യങ്ങൾ നേടിയെടുത്തതുപോലെ, ഉപവാസം ഭക്തിയുടെ കപടമുഖവും ആത്മീയ തിന്മയുമായി മാറരുത്.



**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**

# വലിയനോമ്പിന്റെ വലിയ പ്രസക്തി

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

ഇന്നത്തെ സമൂഹത്തിലെ വലിയ സംസാരമാണ്, ആ കൊച്ചിലൂടെ ആ കുടുംബം രക്ഷപെട്ടു. എങ്ങനെ ജീവിച്ച കുടുംബമാണ്. ഒത്തിരി കഷ്ടപ്പെട്ടും. ത്യാഗം സഹിച്ച് ജീവിച്ചു. ആ മകൾ പഠിച്ചു മിടുക്കിയായി, ലണ്ടനിൽപോയി കുടുംബം രക്ഷപെട്ടു.

നമ്മുടെ കൊച്ചു നാട്ടിൻപുറങ്ങളിലെ സാധാരണ പല്ലവിയാണ്. അതിനാൽതന്നെ മാതാപിതാക്കളുടെ വലിയ ആഗ്രഹമാണ് എങ്ങിനെയെങ്കിലും കൊച്ചിനെ നേഴ്സാക്കുക. പുറത്തുവിടുക, കുടുംബം രക്ഷപ്പെടുത്തുക. യഥാർഥത്തിൽ കുടുംബ രക്ഷപെടുകയാണോ? അതോ സാമ്പത്തികമായി മാത്രം രക്ഷപെടുകയാണോ?

ഈ അപ്പച്ചനെക്കൊണ്ട് തോറ്റു. ഈ മദ്യപാനം ഒന്നു നിർത്തിയിരുന്നുവെങ്കിൽ കുടുംബം രക്ഷപെടുമായിരുന്നു. എങ്ങനെയെങ്കിലും ഒന്ന് തീർന്ന് കിട്ടിയിരുന്നെങ്കിൽ കുടുംബം രക്ഷപെടുമായിരുന്നു. അമ്മയുടെ വിലാപം, മക്കളുടെ കരച്ചിൽ...

പൊന്നുമോനേ, നീ നന്നാകൂ മോനെ, സമയത്തിന് വീട്ടില് വാ... കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടവൻ കുടുംബത്തിൽ അത്താണിയാകേണ്ടവൻ കൂട്ടുകൂടി നടന്ന് നാടിനും നാട്ടാർക്കും ശല്യമായി തീരുന്നവൻ യേശുവേ... ഇവനിൽ ഒരു മാറ്റം വരുത്തേണമെ.

അന്ധകാരത്തിന്റെ ശക്തികൾ ബലപ്പെടുകയാണ്. തിന്മയുടെ ശക്തികൾ മനുഷ്യനെ വേട്ടയാടുകയാണ്. ഭൗതീകതയുടെ, സമ്പത്തിന്റെ അതിപ്രസരം മനുഷ്യനെ അലട്ടുകയാണ്. സുഖഭോഗത്തിന്റെ വഴികൾ മനുഷ്യനെ ആവാഹിച്ചിരിക്കുന്നു.

മനുഷ്യാ, നീ ലോകത്തിലാണ്, പക്ഷേ ലോകത്തിന്റേതല്ലാതെ ജീവിക്കുക. നിനക്ക് ശരീരം മാത്രമല്ല ഉള്ളത് ആത്മാവും ഉണ്ട് തിരിച്ചറിയുക. നീ ശരീരത്തിൽ മാംസത്തിൽ ജനിച്ചു. ആത്മാവിലും ജനിക്കണം. ജലത്താലും പരിശുദ്ധാത്മാവിനാലും പുതുജന്മം പ്രാപിക്കണം. എങ്കിലേ നിന്റെ ജീവിതത്തിൽ അർഥമുള്ളൂ.

നിക്കോദിമോസും യേശുവും തമ്മിലുള്ള സംഭാഷണം-രാത്രിയിൽ അന്ധകാരവും പ്രകാശവും തമ്മിലുള്ള ഏറ്റുമുട്ടലാണ്. നിയമം അറിയുന്നവനും സകല നിയമങ്ങളുടേയും ദാതാവും തമ്മിലുള്ള കണ്ടുമുട്ടൽ. യേശു അവനെ പ്രകാശത്തിലേക്ക് കൊണ്ടുവരികയാണ്. പുതുജന്മത്തിലേക്ക് അടുപ്പിക്കുകയാണ്. നീ ജനിക്കണം, വീണ്ടും ജനിക്കണം. അതിനായി നീ മരിക്കണം. എങ്കിലെ നീ ആത്മാവിൽ പുതുജീവൻ പ്രാപിക്കുകയുള്ളൂ.

ഒളിച്ചും പാത്തുമുള്ള നിന്റെ ജീവിതം അവസാനിപ്പിക്കുക. വെട്ടത്തിലേക്ക് വരുക. നിന്റെ യഥാർഥത്തിലുള്ള അവസ്ഥ മനസ്സിലാക്കുക. നീ നിന്നെ തന്നെ കഴുകി വെടിപ്പാക്കുക. പാപത്തിന്റെ അവസ്ഥകളിൽനിന്നും നീ പുറത്തുവരിക. നിയമത്തിന്റെ നുകം നിന്റെ കഴുത്തിൽനിന്നും ഇറക്കിവയ്ക്കുക. സ്വാതന്ത്ര്യത്തിലേക്ക് വരിക.

നിക്കോദിമോസ് എന്നിലുള്ള ഒരു സാധ്യതയാണ്. എന്റെ അവസ്ഥയും വ്യത്യസ്തമല്ല. ഞാനും അന്ധകാരശക്തികളുടെ വലയത്തിലാണ്. ഈ ലോകത്തിന്റെ നേട്ടങ്ങൾ എന്റെ രക്ഷയ്ക്കായി ഞാൻ കാണുന്നു. ഈ ലോകത്തിന്റെ മായാജാലങ്ങളിൽ ഞാൻ മുങ്ങിപ്പോകുന്നു.

2010-ലെ വലിയ നോമ്പുകാലത്തിൽ യേശു വിളിക്കുകയാണ്. കൂടെ യാത്ര ചെയ്യാൻ. കുരിശിൽ ഉയർത്തപ്പെടുവാൻ. എന്റെ ജീവിതത്തെ ക്രമീകരിക്കുവാൻ നവീകരിക്കുവാൻ. ലോകത്തിന്റെ വശ്യതകളിലേക്ക് സുഖഭോഗങ്ങളിലേക്ക് എന്നെ കൊണ്ടുപോകുന്ന സാഹചര്യങ്ങളോട്, അവസ്ഥകളോട്, വസ്തുക്കളോട് ‘Absolute No’ പറയുവാൻ ഒപ്പം നവീകരണത്തിലേക്ക്, പുതുജീവിതത്തിലേക്ക് നയിക്കുന്ന അവസ്ഥകളോട് ‘Yes’ പറയുവാൻ.

അന്ധകാരത്തിനോട് ‘വിട’ പറയുവാനും
വെളിച്ചത്തിലൂടെ ‘നട’ക്കുവാനും
പാപത്തിനോട് ‘വിട’ പറയുവാനും
രക്ഷയിലേക്ക് ‘നട’ന്നടുക്കുവാനും

യേശു കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ ആ കുരിശ് രക്ഷയുടെ അടയാളമായി. ആ കുരിശിലേക്കുള്ള യാത്ര വേദനാജനകമായിരുന്നു. ആ വേദനകളാണ്, കണ്ണീരാണ് രക്ഷയ്ക്ക് നിദാനമായത്.

ഈ വലിയ നോമ്പുകാലം നമ്മെ ഓർമപ്പെടുത്തുന്നു. നമ്മൾ ഓരോരുത്തരും രക്ഷയുടെ അടയാളമായി മാറണം. ഇത് ഓരോ ക്രിസ്ത്യാനിക്കുമുള്ള വിളിയാണ്. ഓരോ കുടുംബത്തിനുമുള്ള വിളിയാണ്. ഓരോ കുടുംബവും മറ്റു കുടുംബങ്ങൾക്ക് രക്ഷയുടെ കൂടാരമാകണം. ഓരോ വ്യക്തിയും മറ്റു വ്യക്തികൾക്ക് രക്ഷയായി മാറണം. ഓരോരുത്തരും ഉയർന്നുനില്ക്കണം -മറ്റുള്ളവർക്ക് വെല്ലുവിളിയായി. ഇതിന് സാധിക്കണമെങ്കിൽ ഓരോരുത്തരും ഒരുപാട് സാഹചര്യങ്ങളേയും, അവസ്ഥകളേയും വെറുക്കണം, ഉപേക്ഷിക്കണം. കുടുംബത്തിന്റെ നന്മയ്ക്ക് കാരണമാകാത്ത എല്ലാത്തിനേയും അപരന്റെ രക്ഷയ്ക്ക് കാരണമാകാത്ത എല്ലാത്തിനേയും, പാപത്തേയും പാപസാഹചര്യങ്ങളേയും-അങ്ങനെ ഈ ലോകത്തിന്റെ, ഈ മാംസത്തിന്റ കെട്ടുപാടുകളിൽനിന്നും ഉയർന്ന് ആത്മാവിന്റെ തലത്തിലേക്ക് വളരണം.

മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തി, നോക്കിയവരെല്ലാവരും രക്ഷപെട്ടു. മനുഷ്യപുത്രൻ കുരിശിൽ ഉയർത്തപ്പെടുന്നു. കുരിശ് രക്ഷയുടെ അടയാളമായി മാറുന്നു-ഞാൻ രക്ഷയുടെ അടയാളമോ?

# പുരോഹിതർക്ക് അധികം ശിക്ഷ

ആനി വി. തോമസ്

ദൈവീക ജനത്തേക്കാൾ പുരോഹിതന്മാരെയും, അഭിഷിക്തന്മാരുയമാണ് ദൈവം കൂടുതൽ നിയന്ത്രിക്കുന്നതും ശിക്ഷിക്കുന്നതും. പരിപൂർണ്ണമായ അനുസരണവും വിധേയത്വവും ദൈവമുമ്പാകെ അനിവാര്യമാണ്. ഉടമ്പടികൾ പാലിക്കപ്പെടണമെന്ന് നിബന്ധനവയ്ക്കും ദൈവം മോശയെപോലും ശിക്ഷിച്ചു.

മെരീബയിൽവച്ചു ജനത്തിനും അവരുടെ മൃഗസമ്പത്തിനും കുടിപ്പാൻ വെള്ളമില്ലാതെ വന്നപ്പോൾ യഹോവ മോശയോടു നിന്റെ വടിയെടുത്തു അഹറോനെയും സഭയെയും വിളിച്ചുകൂട്ടി. പാറയോടു കല്പിക്ക എന്നാൽ അതു വെള്ളം തരും എന്നു പറഞ്ഞു. എന്നാൽ മോശ അഹറോനും സർവ്വസഭയും കാൺകെ പാറയെ വടികൊണ്ട് രണ്ടു പ്രാവശ്യം അടിച്ചാണ് വെള്ളം പുറപ്പെടുവിച്ചത്. അടിച്ചുവെള്ളം പുറപ്പെടുവിക്കുവാൻ ദൈവം കല്പിച്ചിരുന്നതുമില്ല. കല്പിക്കുവാനെ പറഞ്ഞിരുന്നുള്ളൂ. അതുകൊണ്ട് ദൈവം മോശയെയും മത്സരിച്ച ജനത്തെയും വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാൻ അനുവദിച്ചില്ല (വി. ഗ്രന്ഥം. സംഖ്യ. 20-1-13 വായിക്കുക).

അതുപോലെ ശൗൽ രാജാവിനു അഭിഷേകം നഷ്ടപ്പെടാൻ കാരണം അനുസരണക്കേടായിരുന്നു.

അമൊലൊക്യരുമായി യുദ്ധത്തിന് പോയപ്പോൾ അവരുടെ സകല വസ്തുവകകളെയും അവരെയും പരിപൂർണ്ണമായി നശിപ്പിച്ചുകളയുവാൻ ദൈവം ആവശ്യപ്പെട്ടുവെങ്കിലും ജനങ്ങളുടെ അഭിപ്രായത്തെ മാനിച്ച് ശൗൽ കൊഴുത്തമൃഗങ്ങളെ യഹോവയ്ക്ക് ബലിയർപ്പിക്കുവാനായി ശേഖരിച്ചു.

അതിനു ശമുവേൽ പറയുന്ന മറുപടി "യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും പാന്ന യാഗങ്ങളും യഹോവക്ക് പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത് മത്സരം ആഭിചാര ദോഷം പോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തുനിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു (1 ശമുവേൽ 15 - 1 -35).

ഇതുപോലെ തന്റെ സകല പ്രവൃത്തികളെയും യഹോവ അനുഗ്രഹിച്ചപ്പോൾ, ലേവ്യഗോത്രത്തിനുമാത്രം നല്കിയിരുന്ന പൗരോഹിത്യത്തിന്റെ അവകാശമായിരുന്ന ധൂപാർപ്പണം നടത്തുവാൻ തുനിഞ്ഞതുകൊണ്ട് അന്നുമുതൽ അമസ്യാവിന്റെ പുത്രനായ ഉസ്സിയാ രാജാവ് ആജീവനാന്തം കുഷ്ഠരോഗിയായി കഴിയേണ്ടിവന്നു എന്നോർക്കുക (2 ദിനവൃത്താന്തം 26; 16 - 23).

ഇനി പുരോഹിതനായ ഏലിയുടെ കുടുംബത്തിന് ദൈവം കൊടുത്ത ശാപങ്ങളും അവർ ചെയ്ത തെറ്റുകളും എന്തെന്നു വായിക്കുക (1 ശമുവേൽ 2-12-36).

എന്നാൽ ഏലിയുടെ പുത്രന്മാർ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു. ഈ പുരോഹിതന്മാർ ജനത്തോടു ആചരിച്ചവിധം എങ്ങനെയെന്നാൽ: വല്ലവരും ഒരു യാഗം കഴിക്കുമ്പോൾ മാംസം വേവിക്കുന്ന സമയത്തു പുരോഹിതന്റെ ബാല്യക്കാരൻ കയ്യിൽ മുപ്പല്ലിയുമായി വന്നു കലത്തിലോ ഉരുളിയിലോ കുട്ടകത്തിലോ ചട്ടിയിലോ കുത്തും. മുപ്പല്ലിയിൽ പിടിച്ചതൊക്കെയും പുരോഹിതൻ എടുത്തുകൊള്ളും. ശീലോവിൽ വരുന്ന എല്ലാ യിസ്രായേല്യരോടും അവർ അങ്ങനെ ചെയ്യും. മേദസ്സു ദഹിപ്പിക്കും മുമ്പെ പുരോഹിതന്റെ ബാല്യക്കാരൻ വന്നു യാഗം കഴിക്കുന്നവനോടു പുരോഹിതനു വറുപ്പാൻ മാംസം തരിക. പച്ചമാംസമല്ലാതെ വേവിച്ചത് അവൻ വാങ്ങുകയില്ല എന്നു പറയും. മേദസ്സു ദഹിപ്പിച്ചു കഴിയട്ടെ. അതിന്റെ ശേഷം നീ ആഗ്രഹിക്കുന്നേടത്തോളം എടുത്തുകൊൾക എന്നു അവനോടു പറഞ്ഞാൽ, അവൻ അവനോടു അല്ല, ഇപ്പോൾ തന്നെ തരേണം. അല്ലെങ്കിൽ ഞാൻ ബലാൽക്കാരേണ എടുക്കും എന്നു പറയും. ഇങ്ങനെ ആ യൗവ്വനക്കാർ യഹോവയുടെ വഴിപാടു നിന്ദിച്ചതുകൊണ്ട് അവരുടെ പാപം യഹോവയുടെ സന്നിധിയിൽ ഏറ്റവും വലിയതായിരുന്നു.

ഏലി വൃദ്ധനായാതെ, അവന്റെ പുത്രന്മാർ എല്ലാ യിസ്രായേലിനോടും ചെയ്യുന്നതൊക്കെയും, സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ സേവ ചെയ്യുന്ന സ്ത്രീകളോടുകൂടി ശയിക്കുന്നതും അവൻ കേട്ടു. അവൻ അവരോടു നിങ്ങൾ ഈ വക ചെയ്യുന്നത് എന്തു. നിങ്ങളുടെ ദുഷ്പ്രവൃത്തികളെക്കുറിച്ച് ഈ ജനമൊക്കെയും പറഞ്ഞു ഞാൻ കേൾക്കുന്നു. അങ്ങനെ അരുതു എന്റെ മക്കളെ യഹോവയുടെ ജനം നിങ്ങളെക്കുറിച്ച് പരത്തുന്നതായി ഞാൻ കേൾക്കുന്ന കേൾവി നന്നല്ല. മനുഷ്യൻ മനുഷ്യനോടു പാപം ചെയ്താൽ അവനുവേണ്ടി ദൈവത്തോടു അപേക്ഷിക്കും. മനുഷ്യൻ യഹോവയോടു പാപം ചെയ്താലോ അവനുവേണ്ടി ആർ അപേക്ഷിക്കും എന്നു പറഞ്ഞു. എങ്കിലും അവരെ കൊല്ലുവാൻ യഹോവ നിശ്ചയിച്ചതുകൊണ്ടു അവർ അപ്പന്റെ വാക്കുകൂട്ടാക്കിയില്ല. ശമുവേൽ ബാലനോ വളരുന്തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു.

അനന്തരം ഒരു ദൈവപുരുഷൻ ഏലിയുടെ അടുക്കൽ വന്നു അവനോടു പറഞ്ഞതു യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. നിന്റെ പിതൃഭവനം മിസ്രയീമിൽ ഫറവോന്റെ ഗൃഹത്തിനു അടിമകളായിരുന്നപ്പോൾ ഞാൻ അവർക്ക് വെളിപ്പെട്ടു നിശ്ചയം. എന്റെ യാഗപീഠത്തിന്മേൽ കയറുവാനും ധൂപം കാട്ടുവാനും, എന്റെ സന്നിധിയിൽ ഏഫോദ് ധരിപ്പാനും ഞാൻ അവനെ യിസ്രായേലിന്റെ സകല ഗോത്രത്തിൽ നിന്നും എനിക്ക് പുരോഹിതനായി തിരഞ്ഞെടുത്തു. യിസ്രായേൽ മക്കളുടെ സകല ദഹനയാഗങ്ങളെയും ഞാൻ നിന്റെ പിതൃഭവനത്തിനു കൊടുത്തു.

തിരുനിവാസത്തിൽ അർപ്പിപ്പാൻ ഞാൻ കല്പിച്ചിട്ടുള്ള എന്റെ യാഗവും വഴിപാടും നിങ്ങൾ ചവിട്ടുകയും എന്റെ ജനമായ യിസ്രായേലിന്റെ എല്ലാ വഴിപാടുകളിലും പ്രധാനഭാഗം കൊണ്ടു നിങ്ങളെത്തന്നെ കൊഴുപ്പിപ്പാൻ തക്കവണ്ണം നീ നിന്റെ പുത്രന്മാരെ എന്നെക്കാൾ ബഹുമാനിക്കയും ചെയ്യുന്നതു എന്ത്? ആകയാൽ യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. നിന്റെ ഭവനവും നിന്റെ പിതൃഭവനവും എന്റെ സന്നിധി

യിൽ നിത്യം പരിചരിക്കുമെന്നു ഞാൻ കല്പിച്ചിരുന്നു നിശ്ചയം. ഇപ്പോഴൊ യഹോവ അരുളിച്ചെയ്യുന്നത് അങ്ങനെ ഒരിക്കലും ആകയില്ല എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും. എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും. നിന്റെ ഭവനത്തിൽ ഒരു വൃദ്ധനും ഉണ്ടാകാതവണ്ണം ഞാൻ നിന്റെ ഭുജവും നിന്റെ പിതൃഭവനത്തിന്റെ ഭുജവും തകർത്തുകളയുന്ന നാളുകൾ ഇതാ വരുന്നു. യിസ്രായേലിന് ലഭിപ്പാനുള്ള എല്ലാ നന്മകളുടെയും മദ്ധ്യേ നീ തിരുനിവാസത്തിൽ ഒരു പ്രതിയോഗിയെ കാണും. നിന്റെ ഭവനത്തിൽ ഒരു നാളും ഒരു വൃദ്ധൻ ഉണ്ടാകയും ഇല്ല. നിന്റെ കണ്ണു ക്ഷയിപ്പിപ്പാനും നിന്റെ ഹൃദയം വ്യസനിപ്പിപ്പാനും. ഞാൻ നിന്റെ ഭവനത്തിൽ ഒരുത്തനെ എന്റെ യാഗപീഠത്തിങ്കൽ നിന്നു ഛേദിച്ചുകളയാതെ വെച്ചേക്കും. നിന്റെ ഭവനത്തിലെ സന്താനമൊക്കെയും പുരുഷപ്രായത്തിൽ മരിക്കും. നിന്റെ രണ്ടു പുത്രന്മാരായ ഹൊഫ്നിക്കും ഫിനെഹാസിനും ഭവിപ്പാനിരിക്കുന്നത് നിനക്ക് ഒരു അടയാളം ആകും. അവർ ഇരുവരും ഒരു ദിവസത്തിൽ തന്നെ മരിക്കും. എന്നാൽ എന്റെ പ്രസാദവും പിതാവും അനുഷ്ഠിക്കുന്ന ഒരു വിശ്വസ്ത പുരോഹിതനെ ഞാൻ എനിക്ക് എഴുന്നേൽപ്പിക്കും. അവനു ഞാൻ സ്ഥിരമായൊരു ഭവനം പണിയും. അവൻ എന്റെ അഭിഷിക്തന്റെ മുമ്പാകെ നിത്യം പരിചരിക്കും. നിന്റെ ഭവനത്തിൽ ശേഷിച്ചിരിക്കുന്നവനെല്ലാം അവന്റെ അടുക്കൽ വന്നു ഒരു വെള്ളിക്കാശിനും ഒരു അപ്പത്തിനുമായിട്ടു അവനെ കുമ്പിട്ടു; ഒരു കഷണം അപ്പം തിന്മാൽ ഇടവരേണ്ടതിനു എന്നെ ഒരു പുരോഹിതന്റെ വേലക്കാക്കേണമെ എന്നു അപേക്ഷിക്കും.

ഈ പ്രവചനങ്ങൾ ക്രമേണ ഫലിക്കുന്നതായി തുടർന്നു കാണുന്നു ബൈബിളിൽ. മലാഖി പ്രവചനത്തിൽ ബലിവസ്തുവിന്റെ യോഗ്യതയെയും പുരോഹിതന്റെ ദാമ്പത്യവിശ്വസ്തതയെയും കുറിച്ചു താക്കീത് ചെയ്യുന്നത് കാണാം (മലാഖി 1:3).

നിങ്ങൾ കണ്ണുപൊട്ടിയതിനെ യാഗം കഴിപ്പാൻ കൊണ്ടുവന്നാൽ അതു ദോഷമല്ല. നിങ്ങൾ മുടന്തും ദീനവുമുള്ളതിനെ അർപ്പിച്ചാൽ അതും ദോഷമല്ല. അതിനെ നിന്റെ ദേശാധിപതിക്ക് കാഴ്ചവെക്കുക. അവൻ പ്രസാദിക്കുമോ? (മലാഖി 2:10).

നമുക്കെല്ലാവർക്കും ഒരു പിതാവല്ലോ ഉള്ളത്. ഒരു ദൈവം തന്നെയല്ലോ നമ്മെ സൃഷ്ടിച്ചത് നമ്മുടെ പിതാക്കന്മാരുടെ നിയമത്തെ അശുദ്ധമാക്കേണ്ടതിന് നാം അന്യോന്യം ദ്രോഹം ചെയ്യുന്നതെന്തിന്. യെഹൂദാ ദ്രോഹം ചെയ്തു യിസ്രായേലിലും യെരുശലേമിലും മ്ലേഛത സംഭവിച്ചിരിക്കുന്നു. യഹോവക്ക് ഇഷ്ടമായുള്ള അവന്റെ വിശുദ്ധ മന്ദിരത്തെ യഹൂദാ അശുദ്ധമാക്കി. ഒരു അന്യദേവന്റെ മകളെ വിവാഹം കഴിച്ചിരിക്കുന്നു. അങ്ങനെ ചെയ്യുന്ന മനുഷ്യനു യഹോവ ചോദിക്കുന്നവനെയും ഉത്തരം പറയുന്നവനെയും സൈന്യങ്ങളുടെ യഹോവയ്ക്ക് വഴിപാടു അർപ്പിക്കുന്നവനെയും യാക്കോബിന്റെ കൂടാരങ്ങളിൽ നിന്നു ഛേദിച്ചുകളയും. രണ്ടാമത് നിങ്ങൾ ഇങ്ങനെ ചെയ്യുന്നു. യഹോവ ഇനി വഴിപാടു കടാക്ഷിക്കയൊ നിങ്ങളുടെ കയ്യിൽ നിന്നു പ്രസാദമുള്ളത് കൈക്കൊൾകയോ ചെയ്യാതവണ്ണം നിങ്ങൾ അവന്റെ യാഗപീഠത്തെ കണ്ണുനീർകൊണ്ടും കരച്ചൽകൊണ്ടും ഞരക്കംകൊണ്ടും മൂടിക്കളയുന്നു. എന്നാൽ നിങ്ങൾ എന്തുകൊണ്ടു എന്നു ചോദിക്കുന്നു. യഹോവ നിനക്കും നീ അവിശ്വസ്തത കാണിച്ചിരിക്കുന്ന നിന്റെ യൗവ്വനത്തിലെ ഭാര്യയ്ക്കും മദ്ധ്യേ സാക്ഷിയായിരുന്നതുകൊണ്ടുതന്നെ. അവൾ നിന്റെ കൂട്ടാളിയും നിന്റെ ധർമ്മപത്നിയുമല്ലോ. ലേശംപോലും സുബോധം ശേഷിച്ചിരുന്ന ഒരുത്തൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. എന്നാൽ ആ ഒരുത്തൻ എന്തുചെയ്തു? ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൻ അന്വേഷിച്ചു. നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ. തന്റെ യൗവ്വനത്തിലെ ഭാര്യയോടു ആരും അവിശ്വസ്തത കാണിക്കരുത് ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു. അതു ചെയ്യുന്നവൻ തന്റെ വസ്ത്രം സാഹസംകൊണ്ടു മൂടുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിനു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ.

**ക്രിസ്തീയ ശുശ്രൂഷകരുടെ യോഗ്യത (1 തിമൊത്തി. 3:1–13).**

ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു എന്നുള്ളത് വിശ്വാസയോഗ്യം ആകുന്നു. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥി പ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്. ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കൊണിയിലും കുടുങ്ങാതിരിപ്പാൻ പുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം. അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം. ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുത്. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനസ്സാക്ഷിയിൽവെച്ചു കൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം അനിന്ദ്യതയി കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ. അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തരുമായിരിക്കേണം. ശുശ്രൂഷകന്മാർ ഏക ഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്തകുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം.

മുളന്തുരുത്തി: O/E/N ഇൻഡ്യയിൽനിന്നും 38 വർഷത്തെ സേവനത്തിനു ശേഷം റിട്ടയർ ചെയ്ത സാറാമ്മ ഡാർലി എടപ്പങ്ങാട്ടിൽ.



## വിഭാഗീയ ചിന്തകളെ അതിജീവിക്കണം: റവ. മാർട്ടിൻ അൽഫോൻസ്

മാരാമൺ: സകല വിഭാഗീയ ചിന്തകൾക്കും അതീതമായി എല്ലാവരെയും ക്രിസ്തുയേശുവിൽ സഹോദരങ്ങളായി കണ്ട് ഒരുമിച്ച് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നതാണ് സുവിശേഷ ജീവിത അനുഭവമെന്നു റവ. ഡോ. മാർട്ടിൻ അൽഫോൻസ്. സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹങ്ങളെ അതിജീവിക്കുന്നവരാണ് സുവിശേഷത്തിൽ ജീവിക്കുന്നത്. സ്ഥാനമാനങ്ങൾ വിഭാഗീയത വളർത്തുമെന്നും മാർട്ടിൻ അൽഫോൻസ് പറഞ്ഞു. മാരാമൺ കൺവൻഷൻ രാത്രി യോഗത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സ്ഥാനമാനങ്ങൾക്ക് ഉപരിയായി ലഭിച്ചിരിക്കുന്ന കഴിവുകൾക്ക് അനുസരിച്ചു ശുശ്രൂഷ ചെയ്യുമെന്നു പറയുന്നത് എത്ര വലിയ ഉൾക്കാഴ്ചയാണ്. അധികാരവും സ്ഥാനവും ദൈവരാജ്യത്തിനുവേണ്ടി ഉപേക്ഷിച്ചവരെയാണ് ദൈവം ഉപയോഗിച്ചതെന്നും അദ്ദേഹം പറഞ്ഞു. ആത്മീയ നേതാക്കളെ ആദരിക്കുന്നത് എളുപ്പമാണ്. എന്നാൽ, അവരുടെ ജീവിതം അനുകരിക്കുന്നത് നമുക്ക് ബുദ്ധിമുട്ടാണ്–അദ്ദേഹം പറഞ്ഞു.

സുവിശേഷത്തിൽ ജീവിക്കുന്നവർ തങ്ങൾക്കുള്ളതിനെ സന്തോഷത്തോടെ നൽകുന്നവരാണ്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. സുവിശേഷത്തിൽ ജീവിക്കുക എന്നാൽ ക്രിസ്തീയ കാര്യവിചാരകത്വം ചെയ്യുക എന്നാണ്. നിങ്ങൾ എന്തുമാത്രം അറിവുള്ളവരാണെന്നു ജനങ്ങൾക്ക് അറിയേണ്ട. നിങ്ങൾ എന്തുമാത്രം കരുതലുള്ളവരാണെന്നാണ് ജനങ്ങൾ അന്വേഷിക്കുന്നത്. ഒരുപാട് പ്രശ്നങ്ങളുമായി പലരും നമ്മെ സമീപിക്കുന്നുണ്ട്. നാം അവരെ അവഗണിക്കുകയാണ്. ക്രിസ്തീയ സഭയിൽ പരിശുദ്ധാത്മ നിയോഗത്താൽ ഓരോരുത്തരെയും പോഷിപ്പിക്കാൻ ചുമതലയുള്ളവരാണ് സുവിശേഷത്തിൽ ജീവിക്കുന്നവർ.

കഴിഞ്ഞ 2000 വർഷങ്ങളായി കേരളത്തിൽ ക്രിസ്തീയ സാന്നിധ്യമുണ്ട്. എന്നാൽ, ഇവിടെയാണ് ഏറ്റവും അധികം ആത്മഹത്യ നടക്കുന്നതെന്ന വസ്തുത നമ്മെ ഞെട്ടിക്കുന്നു.

ആവശ്യത്തിലിരിക്കുന്നവരെ പ്രബോധിപ്പിക്കാൻ നമുക്ക് എന്തെല്ലാം സാധ്യതകളുണ്ടായിരുന്നു എന്നോർക്കണം. നമ്മുടെ കഴിവുകളെ തിരിച്ചറിയാനുള്ള വിനയം നാം പ്രാപിക്കണം. സ്ഥാനമാനങ്ങളെ പ്രഭയെ അതിജീവിക്കാൻ സുവിശേഷത്തിൽ ജീവിക്കുന്നവർക്കു കഴിയുമെന്നും അദ്ദേ ഹം പറഞ്ഞു.

ഞാനിതു നിനക്കുവേണ്ടി ചെയ്തു. നീ എനിക്കുവേണ്ടി എന്തുചെയ്യുമെന്ന കുരിശിലെ ശബ്ദം സുവിശേഷ ജീവിതത്തിലെ പ്രായോഗിക തലത്തിലേക്കു നമ്മളെ നയിക്കണം. കർത്താവിനെ പരീക്ഷിപ്പാനല്ല ആശ്രയിക്കാനാണ് പുതിയ നിയമം പഠിപ്പിക്കുന്നത്. അതാണ് ക്രിസ്തീയ കാര്യവിചാരകത്വം. സന്തോഷ ത്തോടെ നൽകുന്നത് ദൈവത്തെ പ്രസാധിപ്പിക്കുന്നു.

സുവിശേഷ ജീവിതത്തിൽ ദൈവത്തെ അല്ലാതെ മറ്റൊന്നിനെയും ആഗ്രഹിക്കരുത്. പാപത്തെ അല്ലാതെ മറ്റൊന്നിനെയും ഭയക്കരുത്. സുവിശേഷത്തിന്റെ വ്യാപനത്തിനുവേണ്ടി വിഭാഗീയചിന്തകൾ മറന്നു പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

## വിശ്വാസത്തിൽ ധീരരാകുക: മാർ ബർണാബാസ്

മാരാമൺ: ജീവിതത്തിൽ മറ്റൊന്നും വഴി മാറാതെ വിശ്വാസത്തിൽ സിംഹത്തെപ്പോലെ ഉറപ്പും ധീരതയുമുള്ളവരാവണം വിശ്വാസികളെന്ന് അടൂർ മാവേലിക്കര ഭദ്രാസനാധിപൻ ജോസഫ് മാർ ബർണബാസ്. വിശ്വസ്തതയോടെ വിശ്വാസം പരിപാലിക്കുന്നവനാവണം യഥാർഥ വിശ്വാസിയെന്നും അദ്ദേഹം പറഞ്ഞു. മാരാമൺ കൺവൻഷനിൽ പ്രഭാതയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ദൈവരാജ്യത്തിലെ പ്രജകൾ വ്യത്യസ്തരാണെന്നു വേദപുസ്തകം പഠിപ്പിക്കുന്നു. അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാവാൻ അവൻ അവകാശം കൊടുത്തു.

വിശ്വാസത്തിൽ ആഴമുണ്ടെങ്കിൽ മാത്രമേ വീഴാതെ പിടിച്ചുനില്ക്കാൻ കഴിയൂ. ഈ സത്യവേദപുസ്തകമല്ലാതെ നമുക്കൊരു വിശ്വാസമില്ല. ഈ വിശ്വാസത്തിനുവേണ്ടി എല്ലാം നഷ്ടപ്പെടുത്തിയവരാണ് മാർത്തോമ്മാ സഭ ജനങ്ങൾ. ഒരു പള്ളിപോലുമില്ലാതെ എല്ലാം നഷ്ടപ്പെട്ടിട്ടും ഇന്ന് എല്ലാം തിരികെ ദൈവം നൽകി. ഇത് വിശ്വാസത്തിന്റെ ഉറപ്പാണ്. ഒരുപാടുപേർ സഭ വിട്ടുപോയി. വീട്ടിൽനിന്നു മക്കൾ ഇറങ്ങിപ്പോകുമ്പോൾ മക്കളുടെ കുറ്റംമാത്രം നോക്കിയാൽപോരാ. മാതാപിതാക്കൾക്കു തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിൽ ഈ നോമ്പുകാലത്ത് അവരും ക്ഷമ ചോദിക്കണം. വിട്ടുപോയവരെ തിരിച്ചുവിളിക്കാൻ കഴിയണമെന്നും മാർ ബർണബാസ് പറഞ്ഞു.

വേദപുസ്തകവും കുട്ടികളുമാണ് ഇന്ന് പള്ളികളിൽ കാണാത്ത രണ്ടു കാര്യങ്ങൾ. കൂദാശകളിൽ കുട്ടികളുടെ സാന്നിധ്യമില്ല. നിങ്ങൾക്കുശേഷം ആര് ഈ സഭയെ വഴി നടത്തുമെന്ന് ചിന്തിക്കണം. തിരുവചന പഠനവും കുടുംബപ്രാർഥനയും അന്യമാകുന്നതിന്റെ ഫലമാണിത്. സൺഡേ സ്കൂളിൽ പഠിക്കാൻ കുട്ടികളില്ല. എന്തൊരു കാലം. പള്ളികളിൽ ആളില്ലാത്ത കാലം വിദൂരമല്ലെന്നും അദ്ദേഹം പറഞ്ഞു.

സ്നാനത്തിന്റെ പേരിലാണ് പലരും സഭവിട്ടുപോയത്. കുർബാനയിൽ തട്ടി സഭകൾ മുറിഞ്ഞുപോയി. ഒരു സഭയുടെ തിരുവത്താഴത്തിൽ മറ്റവർക്കു പങ്കെടുക്കാൻ കഴിയാതെ പോകുന്നത് ദുരവസ്ഥയാണ്. കാണപ്പെടാത്ത കാര്യത്തെക്കുറിച്ചു വിശ്വസിക്കാൻ കഴിയുന്നവർക്കു മാത്രമേ വിശ്വാസി എന്നു പറയാൻ കഴിയൂ. ശിശുസ്നാനത്തിലൂടെ വിശ്വാസം തലമുറകൾക്കു കൊടുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സകല പാപവും ക്ഷമിക്കുന്ന യേശുവിന്റെ രക്തം നമുക്കു മാത്രമായി ദൈവം നൽകിയ അച്ചാരമാണ്. സ്വന്തം വിശ്വാസത്തിൽ ഉറച്ചുകൊണ്ട് എല്ലാ മതങ്ങളെയും ആദരിക്കണം. എല്ലാ മതങ്ങളിലും ദൈവത്തിന്റെ ഇടപെടലുണ്ട്. വിശ്വാസത്തിൽ ഉറപ്പുള്ളവരായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ബുദ്ധിയും വിശ്വാസവും ഒരു വണ്ടിയിലെ രണ്ടു കാളകളേപ്പോലാവണം. നമ്മൾ ഒരു കാളയെ മുന്നിലും മറ്റെ

# നോമ്പിന്റെ ആറാം ഞായറാഴ്ച (സമിയോ)

(വി. മത്താ. 9:32-35; മർക്കോ. 10:45-52; മത്താ. 20:29-24; 12:22-28)

ഈ ഞായറാഴ്ചയ്ക്ക് 'സമീയോ' ഞായറാഴ്ചയെന്നാണ് പേർ പറയുന്നത്. സമിയോയെന്നു പറഞ്ഞാൽ കുരുടൻ എന്നാണർത്ഥം. കർത്താവ് കുരുടന്മാരെ സൗഖ്യമാക്കിയതാണ് ഈ ഞായറാഴ്ച സന്ധ്യയിലേയും, പ്രഭാതത്തിലേയും വി. കുർബാനയുടേയും ഏവൻഗേലിയോനിൽ നമ്മൾ വായിക്കുന്നത്.

സന്ധ്യയുടെ ഏവൻഗേലിയോനിൽ തിമായി പുത്രൻ കർത്താവിനെ വിളിച്ചപേക്ഷിച്ചുതും നിന്റെ ആഗ്രഹംപോലെ നിനക്കു ഭവിക്കട്ടെയെന്നു കർത്താവ് കല്പിച്ചപ്പോൾ അവന്റെ കണ്ണുതുറന്നതും നമ്മൾ വായിക്കുന്നു. പ്രഭാതത്തിന്റെ ഏവൻ ഗേലിയോനിൽ രണ്ടു കുരുടന്മാർ കർത്താവ് കടന്നുപോവുന്നതായറിഞ്ഞു കർത്താവിനെ വിളിച്ചപേക്ഷിച്ചതും, കർത്താവ് അവരുടെ കണ്ണുകളെ തൊട്ടു അവ തുറന്നതും കാണുന്നു. വിശുദ്ധ കുർബാനയുടെ ഏവൻഗേലിയോനിൽ ഒരു പിറവിയിലെ കുരുടനായവനെ കർത്താവ് കണ്ടിട്ട് നിലത്തു തുപ്പി മണ്ണു കുഴച്ച് അവന്റെ കണ്ണിൽ തേച്ചു ശീലോഹോയുടെ വെള്ളത്തിൽ പോയി കഴുകാൻ അവനോടു പറയുന്നതും, അപ്രകാരണം ചെയ്തപ്പോൾ അവൻ കാഴ്ച പ്രാപിച്ചതായും കാണുന്നു.

ഈ മൂന്നു സന്ദർഭങ്ങളിലും മൂന്നുതരത്തിൽ കർത്താവു ഇടപെടുന്നതായിട്ടാണ് കാണുന്നത്. ഓരോരുത്തരുടേയും വിശ്വാസത്തിന്റെ ആഴവും അളവും ഹൃദയങ്ങളെ അറിയുന്ന കർത്താവിനറിയാം. അതിനനുസരിച്ചാണ് അവരോടിടപെടുന്നത് എന്നുവേണം വിചാരിപ്പാൻ. ഒരുത്തനോട് വാക്കുമാത്രം പറഞ്ഞപ്പോൾ അവന്റെ കണ്ണു തുറന്നു. ഒരുവന്റെ കണ്ണിൽ തൊടുകകൂടി വേണ്ടിവന്നു. മറ്റൊരുവന് മൂന്നാമതൊരു കുഴമ്പു ലേപനവും കഴുകലും വേണമായിരുന്നു. മൂന്നാമത്തെ സംഭവത്തിൽ നിന്നും മരുന്നു ലേപനവും കഴുകലും ആവശ്യമുള്ളവർക്ക് ചെയ്യുന്നത് ദൈവയിഷ്ടത്തിന് വിപരീതമല്ല എന്നു ചൂണ്ടികാണിക്കുവാൻ ഡോക്ടർമാർക്ക് സാധിക്കുന്നു. രോഗശാന്തിക്കുവേണ്ടി പ്രാർത്ഥന മാത്രമേ പാടുള്ളു ഔഷധങ്ങൾ പാടില്ലാ എന്നു വാദിക്കുന്ന ക്രിസ്തീയ വകുപ്പുകാർക്കെതിരെ ഒരു തെളിവായി ഇതിനെ ഉദ്ധരിക്കാറുണ്ട്.

തിരിപ്പാത്തൂർ ആശ്രമത്തിന്റെ പ്രാരംഭപ്രവർത്തകരായ ഡോക്ടർ പേറ്റനും ഡോക്ടർ യേശുദാസും രോഗികളെ പ്രാർത്ഥിച്ചും ചികിത്സിച്ചും സുഖമാക്കിക്കൊണ്ടിരുന്നു. രാവിലെ രോഗികൾ വന്നു കൂടുമ്പോൾ പ്രാർത്ഥന മതിയെന്നുള്ളവരേയും ചികിത്സമതിയെന്നുള്ളവരെയും തമ്മിൽ തിരിച്ചുനിർത്തുകയും, രണ്ടു കൂട്ടരോടും രണ്ടു തരത്തിൽ ഇടപെടുകയും ചെയ്യുമായിരുന്നുയെന്നു കേട്ടിട്ടുണ്ട്. മണ്ണും, തുപ്പലും, ജലവും എല്ലാ മരുന്നുകളും ദൈവം സൃഷ്ടിച്ചവയാണ്. മനുഷ്യന്റെ ഉപയോഗത്തിനു വേണ്ടി അവ പ്രയോഗിക്കുന്നതിൽ ദൈവത്തിനു വിരോധമുണ്ടാകയില്ല. മുറിവിൽ വീഞ്ഞും എണ്ണയും പകർന്നതായി നല്ല ശമര്യാക്കാരന്റെ കഥയിൽ നമ്മൾ കാണുന്നുണ്ടല്ലോ. ദൈവത്തെ മറന്ന് മരുന്നും ചികിത്സയും മതിയെന്നു വിചാരിക്കുന്ന രോഗികളും ചികിത്സയും പണസമ്പാദ്യവും മതി, ദൈവവിചാരവും പ്രാർത്ഥനയും പള്ളിയും പട്ടക്കാരനും വേണ്ടാ എന്നു വിചാരിക്കുന്ന ഡോക്ടർമാരും സ്വർഗ്ഗരാജ്യത്തിൽ നിന്നകന്നു പോകുന്നു.

കുരുടന്മാരുടെ കണ്ണുകൾ തുറന്നതിൽ നിന്നും, ശാരീരിക ബലഹീനതകളേയും അംഗഭംഗങ്ങളേയും ശരിയാക്കി മനുഷ്യനെ പൂർണ്ണവ്യക്തിയാക്കി കാണണമെന്നാണ് ദൈവമാഗ്രഹിക്കുന്നതെന്ന് നാം ഗ്രഹിക്കണം. ആത്മാവ് മാത്രമാണ് മോക്ഷം പ്രാപിക്കുന്നത് ശരീരം നശിച്ചു നഷ്ടപ്പെട്ടുപോകയേ ഉള്ളു എന്ന് ഹൈന്ദവ തത്വശാസ്ത്രം പഠിപ്പിക്കുന്നു. കർത്താവാകട്ടെ ശരീരം പ്രധാനം തന്നെ, അത് ഉയർക്കും, ആത്മാവോടൊന്നിച്ച് ന്യായം വിസ്തരിക്കപ്പെടും. സ്വർഗ്ഗത്തിലേക്ക് ഒന്നിച്ച് കേറണം എന്നാണ് പഠിപ്പിക്കുന്നത്. ഇതുകൊണ്ടാണ് മരിച്ചവരുടെ ശരീരങ്ങളെ നമ്മൾ ആദരപൂർവ്വം കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ചു അടക്കുന്നത്. ശവസംസ്കാരത്തിന്റെ ക്രമത്തിൽ ആത്മാവിനെ സ്വർഗ്ഗീയ വാസസ്ഥലങ്ങളിൽ എത്തിക്കുന്ന കാര്യമാണ് പറയാറുള്ളത്. ശരീരം ആത്മാവോടൊത്തു സ്വർഗ്ഗത്തിലേക്ക് കേറുമെന്നുള്ളത് മറന്നുപോയ മട്ടിലാണ് നമ്മുടെ പല പ്രാർത്ഥനകളും. ആത്മാവിന്റെ രക്ഷയെക്കുറിച്ചാണ് പലരുടേയും പ്രസംഗവും ഉപദേശവും, ഹൈന്ദവതത്വശാസ്ത്രത്തിന്റെ സ്വാധീനം നമ്മുടെ പിതാക്കന്മാരുടെ കൃതികളിലും പ്രാർത്ഥനകളിലും ഉപദേശങ്ങളിലും അറിയാതെ അല്പാല്പം കടന്നുകൂടിയിട്ടുണ്ടെന്നു ഖേദപൂർവം പറയേണ്ടിയിരിക്കുന്നു.

ശരീരപ്രകാരം നല്ല കണ്ണുകളുള്ള നമ്മളിൽ പലരും ആത്മീക പ്രകാരം അന്ധന്മാരാണ്. കർത്താവായ യേശുവിനെ ആശാരിയുടെ മകൻ ആശാരിയായി കണ്ട അന്ധന്മാരുണ്ടായിരുന്നല്ലോ. അവനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായായി കാണാൻ കഴിഞ്ഞ ശീമോൻ

---

കാളയെ പിന്നിലും കെട്ടിയതുകൊണ്ടാണ് വണ്ടി മുന്നോട്ടു പോകാത്തത്. യേശു ദൈവമാണെന്നു വിശ്വസിക്കാത്തവർ ഇന്നും യേശുവിനെ ക്രൂശിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കാളയെപ്പോലെ അറുക്കപ്പെടാനും കൊല്ലപ്പെടാനും തയാറാവുമ്പോൾ നമുക്ക് ക്രിസ്തുമതം മറ്റുള്ളവരെ കാണിക്കാൻ കഴിയും. ദൈവമുഖം നാം യേശുവിൻ കാണുമ്പോഴാണ് നമുക്ക് എല്ലാവരിലും ദൈവത്തെ കാണാൻ കഴിയുക.

നമുക്ക് സമാധാനത്തിന്റെ വാഹകരാകാം. സമാധാനത്തിന്റെ സുവിശേഷം നിങ്ങളിലൂടെ ലോകം അറിയണം. മനുഷ്യത്വം നഷ്ടപ്പെടുന്ന കാലത്ത് വിശ്വാസം തിരിച്ചുപിടിക്കാൻ വചന കേൾ നമ്മെ സഹായിക്കും. ഹവ്വയുടെ കൊതി ഒരു പറുദീസ നഷ്ടപ്പെടുത്തിയെങ്കിൽ ഭക്ഷണം വെടിയാനും നിയന്ത്രിക്കാനും കഴിയണം. ജീവിതത്തിന് ഒരവസാനം ഉണ്ടാകുമെന്ന് ഓർക്കണം. ജീവിതത്തെ ക്രമപ്പെടുത്തണം. ആട്ടിൻകുട്ടിയായ വന്ന യേശു ഇനി യഹൂദഗൃഹത്തിന്റെ രാജാവായി സിംഹക്കുട്ടിയായി തിരികെ വരും. നിത്യത നഷ്ടപ്പെടുന്നവർക്കു രണ്ടു ലോകവം ജീവിക്കാൻ കഴിയില്ല. ദൈവം സ്നേഹിച്ച ലോകത്തെ നാമും സ്നേഹിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പത്രോസിനെപ്പോലെ നമ്മൾ ആകണം, നമ്മുടെ ആന്ത രീക ആത്മീക കണ്ണുകൾ തുറക്കണം. കണ്ണുണ്ടായിട്ടും കാണാത്തവരും ചെവിയുണ്ടായിട്ടും കേൾക്കാത്തവരുമായി നമ്മൾ ഇരിക്കരുത്.

കർത്താവ് ഇതാ, നമ്മുടെ മദ്ധ്യേകൂടി കടന്നുപോകു ന്നു. വി. കുർബ്ബാനാവഴിയായി അവൻ നമ്മുടെയടുക്ക ലേക്ക് എഴുന്നെള്ളിയിരിക്കുന്നു. നമ്മൾ വഴിയിലിരുന്ന് ഭിക്ഷ യാചിക്കുന്നവരേപ്പോലെയാണ്. ചില്ലറ ലൗകീക ആദായങ്ങളിൽ ശ്രദ്ധിച്ചു നമ്മൾ കഴിയുകയാണ്. നമ്മുടെ ലൗകീക നേട്ടങ്ങൾ വഴിയിലിരുന്നു ഭിക്ഷ യാചിക്കുന്ന വന്റെ ചിരട്ടയിൽ വീഴുന്ന നാണയങ്ങൾ മാത്രമാണ്. അവ കൊണ്ടു നമ്മുടെ നിലമെച്ചമാകുന്നില്ലാ നസ്രായനായ യേശു. ദാവീദുപുത്രൻ നമ്മുടെ മദ്ധ്യേകൂടെ കടന്നുപോ കുന്നു. വിശ്വാസത്തോടെ നമുക്ക് അവനെ വിളിക്കാം. അവനിൽ അഭയം ചൊല്ലാം. ഞങ്ങളുടെ മേൽ കരുണ ചെയ്യണമെയെന്നു പറഞ്ഞ് നിലവിളിക്കാം. അവൻ നമ്മെ കേട്ടിട്ടുനില്ക്കും. അവൻ നമ്മെ വിളിക്കും. നമ്മുടെ താല്ക്കാലിക സുഖങ്ങളോട് ആ കുരുടന്റെ വസ്ത്രത്തെ സാമ്യപെടുത്താം. അവൻ അതിനെ എറിഞ്ഞുകളഞ്ഞിട്ടു കർത്താവിനോടടുക്കുന്നു. കർത്താവു വിളിക്കുന്നു, നമ്മുടെ താല്ക്കാലിക സുഖങ്ങളെ പിന്നിലിട്ടുകളഞ്ഞു അവനോടടുക്കാം. അവൻ നമ്മുടെ ആത്മീക കണ്ണുകളെ തുറന്നുതരും. അങ്ങനെ ആത്മീക പ്രകാശം പ്രാപിക്കാം.

അനേകം സാധുകുരുടന്മാർ ലോകത്തിൽ തെണ്ടിനട ക്കുന്ന കാഴ്ച ഇന്നും നമുക്കു കാണാം. കുഞ്ഞുങ്ങളെ മോഷ്ടിച്ചുകൊണ്ടുപോയി കണ്ണുകുത്തിപൊട്ടിച്ച് ഭിക്ഷയാ ചിക്കാന് ഉപയോഗിക്കുന്നുമുണ്ട്. നമ്മൾ വ്യക്തികളായും സംഘടനകളായും ആ കാര്യത്തെക്കുറിച്ചു ചിന്തിക്കണം. അന്ധന്മാർക്ക് അഭയവും സഹായവും കൊടുക്കണം. അന്ധവിദ്യാലയങ്ങൾ നടത്തികുഞ്ഞുങ്ങളെ പഠിപ്പിച്ചു കേറ്റിക്കൊണ്ടുവരണം. അങ്ങനെ പഠിച്ച് എം.എ. പാസ്സാ യവരെ ഞാൻ കണ്ടിട്ടുണ്ട്. അത്തരം ഒരാൾ പി.എച്ച്. ഡി.യ്ക്ക് പഠിക്കുന്നതായും ഞാൻ കണ്ടു. അയാൾക്ക് മറ്റൊ രാൾ വായിച്ചുകൊടുക്കുകയാണ്. തപ്പിവായിക്കുന്ന അക്ഷ രങ്ങൾകൊണ്ട് അവർ വേദപുസ്തകം, പ്രാർത്ഥന, പാട്ടു പുസ്തകം എന്നിവയ വായിക്കുന്നു. വിജ്ഞാനപ്രദങ്ങളായ മറ്റുപുസ്തകങ്ങൾ മറ്റൊരാൾ വായിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. കണ്ണുള്ളവർക്ക് കുരുടന്മാരുടെ പ്രയാസമറി ഞ്ഞുകൂടാ. കണ്ണുകാഴ്ചയില്ലാതാകുമ്പോഴെ, കണ്ണിന്റെ ഗുണമറിയുകയുള്ളൂ.

നേത്രചികിത്സാ ക്യാമ്പുകൾ മൂലം പലരും സമുദായ ത്തിൽ വിലപിടിച്ച സേവനം ചെയ്യുന്നുണ്ട്. അത്തരം പ്രവർത്തനങ്ങളിൽ സഹായിക്കുന്നവരും സൗജന്യ സേവനം ചെയ്യുന്നവരും കർത്താവ് ചെയ്ത പ്രവർത്തിയെ മറ്റൊരുതരത്തിൽ തുടരുകയാണ്. അന്ധകാരത്തിലിക്കു ന്നവർക്ക് പ്രകാശം കൊടുക്കാൻ നമ്മൾ ഉത്സാഹിക്കണം. നോമ്പിന്റെ ദിവസങ്ങളിൽ പ്രാർത്ഥനയാലും ഉപവാസ ത്താലും വേദവായനയാലും ദാനധർമ്മങ്ങളാലും ആതുര സേവനത്താലും നമുക്ക് ആത്മീക വെളിച്ചം പ്രാപിക്കാം. നമുക്ക് കണ്ണുതുറന്നു തരുന്ന കർത്താവിനെ വീണുവ ണങ്ങി നമസ്കരിക്കാം. അവന്റെ പിന്നാലെ ചെല്ലാം. അവൻ നമ്മെ പരിപാലിക്കും. അനുഗ്രഹിക്കും. അവനു വേണ്ടി ജീവിക്കാം. അവന്റെ നാമം മഹത്വപ്പെടട്ടെ.

**ഓശാന ഞായറാഴ്ച**

**(ലൂ. 19:28–40; മത്താ. 21:1–22; മർക്കോ. 11:1–26; /യോഹ. 12:12–19)**

കർത്താവായ യേശു യറുശലേമിലേക്ക് കഴുതമേലും കഴുതക്കൂട്ടിമേലും വാഹനമേറി പ്രവേശിക്കുകയും ജനവും ഉണ്ണികളും യാതൊരു മുന്നറിവും കൂടാതെ ആഘോഷപൂർവം തന്നെ ഓശാനാ പാടി എതിരേല്ക്കു കയും ചെയ്തതിന്റെ ഓർമ്മപ്പെരുന്നാളാണല്ലോ ഇന്ന്. ഇന്ന് സന്തോഷത്തിന്റെയും ദുഃഖത്തിന്റേയും മദ്ധ്യേയുള്ള വാതി ല്ക്കലാണ് നമ്മൾ. ഉണ്ണികൾ ദെഖിലായുടേയും സൈത്തി ന്റേയും കൊമ്പുകളെടുത്ത് ആർത്തുവിളിച്ചു യേശുവിന്റെ എതിരേറ്റു. പലരും വൃക്ഷങ്ങളുടെ ശാഖകൾവെട്ടി വഴി യിൽ ഇലക് വിതറി. ചിലർ അവരുടെ വസ്ത്രങ്ങൾ വഴി യിൽ വിരിച്ചു. ലാസറിനെ ഉയർപ്പിച്ചശേഷമായിരുന്നതി നാൽ വളരെ പേർ അവരെ എതിരേല്പിനായ കൂടി. ശിഷ്യ ന്മാർ അവൻ ചെയ്ത അത്ഭുതങ്ങളെ കുറിച്ച് വിളിച്ചുപറ ഞ്ഞു. പരീശന്മാർ അസൂയപ്പെട്ട് റബ്ബീ, നീ അവരോട് മിണ്ടാതിരിക്കാൻ പറയൂ എന്നാവശ്യപ്പെട്ടു. അതിന് യേശു: "അവൻ മിണ്ടാതിരുന്നാൽ പാറകൾ അട്ടഹസിക്കും" എന്നു പറഞ്ഞു. പരീശന്മാർ തമ്മിൽ പറഞ്ഞു. "നിങ്ങളെകൊണ്ട് ഒരു പ്രയോജനവുമില്ല, കണ്ടാലും ലോകം മുഴുവൻ അവന്റെ പിന്നാലെ പോയ്ക്കളഞ്ഞു" എന്നു പറഞ്ഞു.

ഒരു ലൗകീക രാജാവിന്റെ എഴുന്നള്ളത്തിനാണെങ്കിൽ എത്രമുൻകൂട്ടി അധികാരികളെ അറിയിക്കും. അവർ കീഴു ദ്യോഗസ്ഥന്മാർക്ക് നിർദ്ദേശങ്ങൾ നല്കി അലങ്കാരത്തിനും എതിരേല്പിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യും. ഇവി ടെയാകട്ടെ യാതൊരു മുന്നറിയിപ്പുമില്ലാത്ത ഒരു എഴുന്ന ള്ളത്തായിരുന്നു. താനേതന്നെ ഉള്ളിൽ പ്രേരണ തോന്നി യിട്ട് ശിഷ്യന്മാരും ജനങ്ങളും ഉണ്ണികളും കുരുത്തോല കളും സൈത്തിൽ കൊമ്പുകളും എടുത്ത് ആർത്തുവിളി ടെയാണ് നമ്മൾ കാണുന്നത്.

ഇന്ന് വലിയ സന്തോഷത്തിന്റെ പെരുന്നാളാണ്. കർത്താവിന്റെ എതിരേല്പിന്റെ ഓർമ്മയായി കുരുത്തോ ലകളുമേന്തി നമ്മൾ പ്രദിക്ഷണം നടത്തി, കുരുത്തോല കൾ പിടിച്ചുകൊണ്ടു കുർബാന കാണുകയാണ്. സ്വർഗ്ഗീയ രാജാവ് കുർബാന വഴി നമ്മുടെയിടയിലേക്ക് എഴുന്ന ള്ളുന്നു. അവനെ നമ്മുടെ ഹൃദയങ്ങളിലേക്കും നമ്മുടെ ജീവിതത്തിലേക്കും നാം സ്വാഗതം ചെയ്യണം. ഇന്ന് നമ്മൾ സങ്കടത്തിന്റെ വക്കിലാണ് നില്ക്കുന്നത്. നാളെ മുതൽ കഷ്ടാനുഭവ ആഴ്ചയാണ്. ഓശാനാ പാടിയവർ തന്നെ 'ക്രൂശിക്ക' എന്നു പാടുന്നത് നമ്മൾ കേൾക്കാൻ പോക യാണ്. ജനക്കൂട്ടത്തിന്റെ മനം മാറുന്നതങ്ങിനെയാണ്. രാഷ്ട്രീയ കാര്യങ്ങളിലും അങ്ങനെയാണ്. ഇന്ന് നേതാ വായി എതിരേറ്റവൻ നാലെ കൂകി താഴെയിറക്കും. ഇതു കൊണ്ടാണ് ഇന്നു നമ്മൾ സന്തോഷത്തിന്റേയും ദുഃഖ ത്തിന്റേയും മദ്ധ്യേയുള്ള വാതിൽക്കലാണ് നില്ക്കുന്ന തെന്ന് ഞാൻ ആരംഭത്തിൽ പറഞ്ഞത്.

കർത്താവ് കഴുമേലും കഴുതക്കുട്ടന്മേലും വാഹനമേറി വന്നതിനേക്കുറിച്ച് രണ്ടു കാര്യങ്ങൾ ഗ്രഹിപ്പാനുണ്ട്. കുതിര അന്തസ്സുള്ളവരുടെ സഞ്ചാരമൃഗം. കഴുത പാവ പ്പെട്ടവന്റെ സഞ്ചാരമൃഗം. കർത്താവ് പുൽതൊട്ടിയിൽ ജനി ച്ചു. കഴുതമേൽ സവാരി ചെയ്തു, പാഴ്മരത്തടിയിൽ കിടന്നു മരിച്ചു. കഴുത പഴയനിയമത്തെ സൂചിപ്പിച്ചിരു ന്നു. അതു പൂർത്തിയാക്കി കഴുതക്കുട്ടന്മേൽ സഞ്ചരിച്ചത് പുതിയനിയമം തുടങ്ങിയതിനേയും സൂചിപ്പിക്കുന്നുവത്രേ.

തുടരും...

# വി. ഗ്രന്ഥവും വി. നാടുകളും

കെ.ഒ. ഫിലിപ്പ് കൈപ്പട്ടൂർ

5 മണിയോടെ ഞങ്ങൾ ബോട്ടിൽ കയറി യാത്ര ആരംഭിച്ചു. ഒരു മണിക്കൂർ ബോട്ട് യാത്രയുണ്ടായിരുന്നു. ഗലീലാകടലിൽ നിന്നുകൊണ്ട് ചുറ്റുമുള്ള പ്രദേശങ്ങൾ കൺകുളിർക്കെ കണ്ടു. വളരെ ആനന്ദകരമായ യാത്രയായിരുന്നു അത്. അഞ്ചരമണി ആയപ്പോഴേക്കും നന്നായി ഇരുട്ടിയതായി തോന്നി. കാറ്റും ഓളവുമില്ലാതെ ശാന്തമായി നിലകൊള്ളുന്ന തടാകം. ചിലപ്പോൾ ഗലീലാകടൽ ക്ഷോഭിക്കാറുമുണ്ട്.

*''മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല"* എന്ന മത്തായി 5:14 ലെ പരമാർശം ഗലീലാകടൽത്തീരത്തുള്ള "സഫേദ്" എന്ന നഗരത്തെപ്പറ്റിയായിരുന്നു എന്ന് വേദപഠിതാക്കൾ പറയുന്നു. ഈ പട്ടണം, രാത്രിയിൽ, പ്രകാശപൂരിതമായി നില്ക്കുന്ന കാഴ്ച കമനീയമാണ്. "അക്കരയ്ക്ക് യാത്ര ചെയ്യും സീയോൻ സഞ്ചാരി" എന്ന ഗീതവും പാടിക്കൊണ്ടായിരുന്നു ഞങ്ങളുടെ യാത്രയുടെ തുടക്കം. ഇടയ്ക്ക് സ്ലീബാ കോർ എപ്പിസ്ക്കോപ്പായുടെയും, ബഹു. മാത്യൂസ് കശീശ്ശായുടെയും ലഘുപ്രസംഗങ്ങളും ഉണ്ടായിരുന്നു. ബോട്ടിൽ തന്നെ ഇതിനായി ഉയർന്ന വേദിയും ഉച്ചഭാഷിണിയും ക്രമീകരിച്ചിരുന്നു. അല്പ നേരം, ബോട്ട് നടുക്കടലിൽ നിർത്തിയിട്ട് ഗലീലകടലുമായി ബന്ധപ്പെട്ട് വി. ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള സംഭവങ്ങളെ ഓർക്കുകയും ധ്യാനിക്കുകയും ചെയ്തു. ബോട്ടുടമകൾ കടലിൽ വലവീശിയെങ്കിലും ഒന്നും കിട്ടിയില്ല. തിബരിയാസിനോട് അടുക്കുന്തോറും തീരത്തെ ഹോട്ടലുകൾ നിരനിരയായി നിൽക്കുന്നത് കാണാം. ഗലീലാകടലിൽ വച്ച് സംഭവിച്ചതായ പല സംഭവങ്ങളും നമ്മുടെ മനസ്സിൽകൂടി ഈ യാത്രാവേളയിൽ കടന്നു പോകും.

1. കടലിൽ വല വീശിക്കൊണ്ടിരുന്ന പത്രോസിനെയും, സഹോദരൻ അന്ത്രയോസിനെയും, തന്നെ അനുഗമിപ്പാൻ വിളിച്ചത് ഇവിടെവച്ചായിരുന്നു (മത്താ. 4:18–19).

2. സെബദി പുത്രന്മാരായ യാക്കോബിനെയും യോഹന്നാനെയും ഇതേപോലെ വിളിച്ചു. അപ്പനോടുകൂടെ, പടകിൽ വല നന്നാക്കിക്കൊണ്ടിരുന്ന ഈ സഹോദരങ്ങളും, അപ്പനെയും പടകിനെയും വിട്ട് യേശുവിനെ അനുഗമിച്ചു. (മത്താ. 4:22).

3. യേശു ഈ കടലിന്മേൽ നടന്നു (മത്താ. 14:25).

4. യേശു പത്രോസിനോട് ഈ കടലിൽ ചെന്ന് വലവീശുവാൻ ആവശ്യപ്പെടുകയും ആദ്യം കാണുന്ന മീനിന്റെ വായിൽ ഒരു ചതുർ ദ്രഹ്മപ്പണം (എസ്തീറാ അല്ലെങ്കിൽ ഒരു ശെക്കെൻ) കാണുമെന്നും, അത് യേശുവിനും പത്രോസിനുമായി തലവരിപ്പണത്തിന് ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു (മത്താ. 17:27).

5. കടലിൽ കിടന്ന പടകിൽ ഇരുന്നുകൊണ്ട് യേശു ഉപമകളാൽ അവരെ പഠിപ്പിച്ചു (മർ. 4:1–12).

6. ഉയർപ്പിനുശേഷം ഇവിടെവച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷനാവുകയും കർത്താവ് പറഞ്ഞതുസരിച്ച് പടകിന്റെ വലതു ഭാഗത്ത് വലവീശുകയും, വല വലിപ്പാൻ കഴിയാതെവണ്ണം മീൻകൂട്ടം ലഭിക്കുകയും ചെയ്തു (യോഹ. 21:6).

7. *യേശു കാറ്റിനെയും കടലിനെയും ശാസിച്ചു (മർ. 4:39).* സങ്കീർത്തനപുസ്തകത്തിൽ ഇപ്രകാരം കാണുന്നു. *"അവൻ സമുദ്രത്തിലെ ചുഴലികളെയും, അവയിലെ ഓളങ്ങങ്ങളുടെ ശബ്ദത്തെയും അടക്കുന്നു" (മസുമൂർ 65:7). "നീ സമുദ്രത്തിന്റെ പ്രാബല്യത്തെ ഭരിക്കുന്നു. അതിന്റെ തിരകളുടെ കോപം നീ അടക്കുന്നു" (മസുമൂർ. 89:9). "താൻ കൊടുങ്കാറ്റ് ശമിപ്പിക്കുന്നു, സമുദ്രത്തിലെ തിരമാലകളും ശാന്തമാകുന്നു" (മസുമൂർ. 107:29).*

ഗലീല തടാകത്തിന്റെ ജലതരംഗങ്ങളിലൂടെയുള്ള ബോട്ടുയാത്ര അവിസ്മരണീയമാണ്. 6 മണിക്ക് ഞങ്ങളുടെ ബോട്ട് തിബരിയാസ് ബോട്ടുജെട്ടിയിൽ അടുത്തു. തിബരിയാസിന്റെ കിഴക്കെ തീരത്തുള്ള പട്ടണത്തിലേക്ക് ഞങ്ങൾ കാൽനടയായി യാത്രയായി. ചെറുതും വലുതുമായ ഭക്ഷണശാലകളുടെ നിരയാണ് കടൽതീരത്ത്. കരകൗശലവസ്തുക്കൾ വിൽക്കുന്ന ഷോപ്പുകൾ ധാരാളം. ഒലീവ് വൃക്ഷത്തിന്റെ തടിയിൽ പുറംചട്ടയണിയിക്കപ്പെട്ട ഒരു ഇംഗ്ലീഷ് ബൈബിൾ ഞാൻ തിബരിയാസിൽ നിന്നും വാങ്ങി.

**വജ്ര നിർമ്മാണ ഫാക്ടറി (Diamond Cutting Factory)**

തിബരിയാസിലെ ചെറിയൊരു ഷോപ്പിംഗിനു ശേഷം ഞങ്ങൾ 6.45ന് Caprice എന്ന ഡയമണ്ട് കട്ടിംഗ് ഫാക്ടറിയിലേക്ക് പോയി. വജ്രം (രത്നക്കല്ലുകൾ) രൂപപ്പെടുത്തിയെടുക്കുന്ന പണിശാലയാണിത്. ലോക കമ്പോളത്തിൽ ലഭ്യമായിരിക്കുന്ന ഡയമണ്ടിന്റെ അൻപതിയഞ്ച് ശതമാനവും യിസ്രായേലിൽ ഉല്പാദിപ്പിക്കപ്പെടുന്നവയാണ്. അവിടെ നിന്നും ഏറ്റവും അധികം ഇംഗ്ലണ്ടിലേക്ക് കയറ്റുമതി ചെയ്യുന്നു. കാപ്പറൈസ് ഫാക്ടറിയിൽ ഒരു ഫിലിം പ്രദർശനം ഉണ്ടായിരുന്നു. ഡയമണ്ട് കട്ടിംഗിനെപ്പറ്റി 30 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഡോക്കുമെന്ററി. മലകൾ ഡൈനാമിറ്റ് വച്ച് തകർത്ത്, ചെറിയ കഷണങ്ങളാക്കി യന്ത്രസഹായത്തോടെ അരിച്ചെടുത്ത്, വജ്രത്തിന് ചേർന്ന കല്ലുകൾ വേർതിരിച്ചെടുക്കുന്നു. അതിനുശേഷം പ്രത്യേക ആംഗിളിൽ ചെത്തി മിനുക്കി രൂപപ്പെടുത്തുന്നു. ഒരു വജ്രം കിട്ടണമെങ്കിൽ അനേക ടൺ മണ്ണും കല്ലും അരിച്ചെടുക്കണം. അമേരിക്ക, റഷ്യ, ഓസ്ട്രേലിയ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കല്ലുകൾ ശേഖരിച്ച് ഈ ഫാക്ടറിയിൽ കൊണ്ടുവന്ന് ചെത്തി മിനുസപ്പെടുത്തി ഷോറൂമുകളിൽ എത്തിക്കുന്നു.

തുടരും...

# സഭയുടെ അടിസ്ഥാനോപദേശങ്ങൾ

1. ത്രിത്വം എന്ന പദം വേദപുസ്തകത്തിൽ ഇല്ല. നിഖ്യാസുന്നുഹദോസിൽ മാർ അത്താനാസ്യോസ് ആണ് ഉപജ്ഞാതാവ്. ത്രിത്വം എന്നാൽ എന്ത്? ഏക ദൈവത്തിൽ സർവത്തിലും തുല്യരായ മൂന്ന് ക്നൂമാകൾ ഉണ്ട്-Trinity is persons, but unity is essence. ഇത് ലോകത്തിൽ മറ്റൊരു മതത്തിലും ഇല്ല. മനുഷ്യന്റെ പരിമിത ബുദ്ധിയിൽ ഒരിക്കലും കണ്ടുപിടിക്കാൻ സാധ്യമല്ല. ഇതു ഒരു രഹസ്യമാണ്-mystery. കർത്താവ് മനുഷ്യാവതാരത്തിൽ ഇത് വെളിപ്പെടുത്തി. പത്രോസിനോടു പറയുന്നു "ജഡരക്തങ്ങളല്ല, സ്വർഗസ്ഥനായ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിയത്. എന്നാൽ ഈ രഹസ്യം യുക്തിക്കെതിരല്ല. തത്വശാസ്ത്രത്തിൽക്കൂടി-ദൈവം എല്ലായിപ്പോഴും പ്രവർത്തിക്കുന്നു. ഒരാൾ മാത്രമെ ഉള്ളു എങ്കിൽ ഇത് സാദ്ധ്യമല്ല. പിതാവിന് തന്നെക്കുറിച്ചുള്ള നിത്യമായ അറിവാണ് വചനം-Logos. ഈ അറിവിൽ താൻ നിത്യമായി സ്നേഹിക്കുന്നു. ഇതാണ് വിശുദ്ധ റൂഹാ. അതുകൊണ്ട് വിശുദ്ധ റൂഹാപിതാവും വചനവും ആയതിനാൽ സ്നേഹമാണ്. ആകയാൽ വി.റൂഹാ സത്യമായി പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു. ത്രിത്വത്തിൽ മൂന്നു നാമങ്ങളുണ്ട്. സൃഷ്ടി പിതാവിനുമാത്രം ആരോപിക്കുന്നതെങ്കിലും പിതാവും വചനവും പങ്കുവഹിക്കുന്നു. മത്തായിയുടെ അവസാനദ്ധ്യായത്തിൽ പിതാവിന്റെയും പുത്രന്റെയും വി. റൂഹായുടേയും നാമത്തിൽ-നാമങ്ങളിൽ എന്നല്ല-മാമോദിസാ നടത്തുവിൻ എന്ന് കർത്താവു കല്പിച്ചു. കാരണം ദൈവത്തിന്റെ ഏകത്വത്തെ കാണിപ്പാനാണ്. ത്രിത്വത്തിലെ ഈ സാമൂഹ്യക്രമത്തിന്റെ അടിസ്ഥാനത്തിൽ ആണ് പൊതുസുന്നഹദോസുകളിൽക്കൂടി സഭയുടെ അപ്രമാദിത് പ്രയോഗിക്കപ്പെടുന്നത്. സഭയുടെ ഉപദേശത്തിൽ ഒരിക്കലും തെറ്റുവരികയില്ല.

**2. മനുഷ്യാവതാരം**

ത്രിത്വത്തിലെ രണ്ടാമത്തെ ആൾ മനുഷ്യനായി. മനുഷ്യാവതാരം: മനുഷ്യരക്ഷയ്ക്കുവേണ്ടി. എലിസബേത്തിനെ മറിയാം സന്ദർശിക്കുന്ന ഞായറാഴ്ചയിലെ ഹൂത്തോമായിൽ നാം പാടുന്നു. 'നരനെ പരനാക്കീടാൻ സ്ത്രീയിൽവാണ സുരേശാ, നിന്നെപ്പോൽ നിന്റ്മ്മയേയും അറിവാൻ ഏകുകബോധം'. എന്നാൽ ഭൂരിഭാഗം പിതാക്കന്മാരും-നൈസീബിന്റെ ഗ്രീഗോറിയോസു, ബർസ്ലീബി etc. എന്നാൽ ഈ അവതാരം വേറൊരുരീതിയിൽ ആയിരുന്നേനേം. ആകയാൽ മനുഷ്യാവതാരത്തിന്റെ മുഖ്യലക്ഷ്യം രക്ഷയേക്കാൾ സത്യദൈവത്തെക്കുറിച്ചുള്ള അറിവുകൊടുക്കുകയാണ്. ഏശാ: 14 ലും എസക്കി. 29 ലും മാലാഖമാരുടെ വീഴ്ചയെക്കുറിച്ചു പറയുന്ന ഭാഗം കാണുക. സാത്താൻ ദൈവത്തെ ആരാധിക്കുകയില്ലെന്നു പറഞ്ഞില്ല. എന്നാൽ വചനമായ ദൈവം പിതാവിന്റെ വലത്തുഭാഗത്തു കാണപ്പെട്ടപ്പോൾ അവനെപ്പോലെ ഒരു സൃഷ്ടിയെ കുമ്പിടുകയില്ലെന്നാണ് പറഞ്ഞത്. അതിനാൽ സ്വർഗ്ഗത്തിലുള്ള മാലാഖമാർക്കും ഇതറിഞ്ഞുകൂടായിരുന്നു. പെന്തിക്കോസ്തയിൽ പ.ത്രിത്വം വെളിപ്പെട്ടു. ഇതേക്കുറിച്ചു സ്പഷ്ടമായി 1 യോഹ:5:7 ൽ ഉണ്ട്. പ്രോട്ടസ്റ്റന്റുകാർ ഈ വാക്യം വിട്ടുകളഞ്ഞു. 'സ്വർഗ്ഗത്തിൽ സാക്ഷിക്കുന്നവർ മൂന്ന്, പിതാവ്, വചനം, ആത്മാവ് ഇവ മൂന്നും ഒന്നാകുന്നു. മൂലഭാഷയായ സുറിയാനിയിൽ ഉണ്ട്. ആകയാൽ ത്രിത്വത്തിൽ അടിസ്ഥാനപെട്ടതാണ് സഭ.

**ക്രിസ്തുശാസ്ത്രം (Christology)**

വേദവിപരീതങ്ങൾ ആദ്യമായി ക്രിസ്തു ഒരു സൃഷ്ടിയാണെന്നു പഠിപ്പിച്ച അറിയൂസിനെ (ഇതുകാണുന്ന യഹോവ സാക്ഷികൾ) മുടക്കി. അടുത്തതായി ക്രിസ്തു മനുഷ്യകുട്ടിയായി മറിയ പ്രസവിച്ചു എന്നും ദൈവത്വം പിന്നെ തന്നിൽ വസിച്ചു എന്നും ആകയാൽ മറിയാം ക്രിസ്തുവിന്റെ മാതാവ് (Christo....) എന്നാണ് വിളിക്കേണ്ടത് എന്നും പഠിപ്പിച്ച നെസ്തോറിനെ എഫേസോസ് ഒന്നാംസുന്നഹദോസിൽ മുടക്കി വി. കൂറിലോസാകട്ടെ വചനത്തെ മാംസത്തിൽ പ്രസവിച്ച മറിയാം സാക്ഷാൽ ദൈവമാതാവാണെന്നും പറഞ്ഞു. കർത്താവിന്റെ മരണത്താൽ എല്ലാവരും രക്ഷിക്കപ്പെടുമോ? ആദ്യം നാം മനസിലാക്കേണ്ടത് ഈ ലോകത്തിൽ നാം രക്ഷയിലേക്ക് വിളിക്കപ്പെടുന്നെ ഉള്ളു.

---

**എനിക്ക് ലഭിച്ച അനുഗ്രഹം പ. ഏലിയാസ് ബാവായുടെ കബറിൽ നിന്ന്: ശ്രേഷ്ഠബാവ**

ഒന്നുമില്ലാതിരുന്ന തന്റെ ഉയർച്ചയുടെ കാരണം പ. ഏലിയാസ് ബാവയുടെ കബറിൽ നിന്ന് ലഭിച്ച ഊർജ്ജവും അനുഗ്രഹവുമാണെന്ന് ശ്രേഷ്ഠ കാതോലിക്കാ ബാവ പ്രസ്താവിച്ചു. മഞ്ഞനിക്കര ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു നടന്ന മഹാസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു സംസാരിക്കുകയായിരുന്നു ശ്രേഷ്ഠ ബാവ.

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു എന്നരുളിയ കർത്താവിന്റെ അഭിഷിക്തൻ മലങ്കരയിലെ തന്റെ ജനത്തിന്റെ ശാന്തിക്കും സമാധാനത്തിനും വേണ്ടി അസമാധാനം നിറഞ്ഞുനില്ക്കുന്ന ഈ ലോകത്ത് സമാധാന ദൂതനായാണ് പ. ഏലിയാസ് ബാവ ഇവിടെ എത്തിയത്. അതുകൊണ്ട് ഈ കബറിങ്കൽ വരുന്നവരും ശാന്തിയും സമാധാനവും ലഭിക്കുന്നതിനുവേണ്ടിയാണ്. ആരും നിരാശരാകുന്നില്ല. അതുകൊണ്ടാണ് വർഷംതോറും പരപ്രേരണയോ പ്രചരണമോ കൂടാതെ തന്നെ തീർത്ഥാടകർ വർദ്ധിച്ചുവരുന്നത് അദ്ദേഹം പറഞ്ഞു.

# ശ്രേഷ്ഠ ബാവ മാലാഖയെപ്പോലെ: അന്ത്യോഖ്യാ പ്രതിനിധി

മലങ്കരയുടെ കാതോലിക്ക ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ മാലാഖയെപ്പോലെ എപ്പോഴും ജനത്തോടൊപ്പം നിന്ന് ജനത്തിനുവേണ്ടി ആത്മീയ ശുശ്രൂഷ നടത്തുന്നതു കാണുന്നതിൽ വളരെയധികം സന്തോഷമുണ്ടെന്ന് മഞ്ഞനിക്കര പെരുന്നാളിനു അന്ത്യോഖ്യാ പ്രതിനിധിയായെത്തിയ യൂഹാനോൻ ഇബ്രാഹീം മാർ ഗ്രീഗോറിയോസ് (ലെബനോൻ) പ്രസ്താവിച്ചു. പെരുന്നാളിനോടനുബന്ധിച്ചു നടന്ന തീർത്ഥാടക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരി. ഏലിയാസ് ബാവക്ക് മലങ്കര മക്കളോടുള്ള വാത്സല്യവും സ്നേഹവും ആണ് രോഗിയായിട്ടും വാർദ്ധക്യമായിട്ടും യാത്ര ചെയ്യരുതെന്നു ഡോക്ടർമാർ വിലക്കിയിട്ടും മലങ്കരയിലേക്കെഴുന്നെള്ളാൻ കാരണം. പരസ്പരസ്നേഹം ഉണ്ടാകുന്നത് ദൈവീകമാണ്. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവന്മാർ എന്നാണ് കർത്താവ് പഠിപ്പിച്ചത്. മറ്റുള്ളവരെ സ്നേഹിക്കുന്നതിലധികമായി ഒന്നുമില്ല. കഷ്ടതയും സഹനവും ദൈവമക്കളുടെ അടയാളമാണ്. പ. ബാവ സഭയ്ക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിച്ചിരുന്നു. ഇപ്പോഴും സഭയ്ക്കുവേണ്ടിയും തന്റെ ജനത്തിനുവേണ്ടിയും നിരന്തരമായി പിതാവിങ്കൽ പക്ഷപാതം നടത്തികൊണ്ടിരിക്കുന്നതിനാലാണ് മഞ്ഞനിക്കര കബറിങ്കൽ അത്ഭുതങ്ങൾ നടക്കുന്നത്. വട്ടശ്ശേരി തിരുമേനിയുടെ മുടക്കുപോലും തീർക്കാൻ കാരണം സമാധാനത്തിനുവേണ്ടിയുള്ള വിട്ടുവീഴ്ചയാണ്. പക്ഷെ മറുഭാഗം അതു ചെവിക്കൊണ്ടില്ല. കൂടുതൽ വൈരാഗ്യബുദ്ധിയോടെ പ്രവർത്തിച്ചു. തന്മൂലമാണ് സമാധാനം ഉണ്ടാക്കാൻ കഴിയാതെ കബറടങ്ങണ്ടി വന്നത്. ശാന്തിയുടേയും സമാധാനത്തിന്റേയും മാലാഖയായിരുന്നു അദ്ദേഹം. താൻ സഞ്ചരിച്ചിടത്തൊക്കേയും കർത്താവിന്റെ സുവിശേഷവും സ്നേഹവും സമാധാനവും പ്രസംഗിക്കുകയും പകർന്നു നൽകുകയും ചെയ്തു. അന്ത്യോഖ്യാ-മലങ്കരബന്ധം ഊട്ടിഉറപ്പിക്കുന്നതിനാണ് അദ്ദേഹം വന്നത്. സഭയുടെ സാക്ഷ്യം അദ്ദേഹം വെളിപ്പെടുത്തി. പ. പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നതുപോലെ അദ്ദേഹത്തിന്റെ നല്ലപാതകൾ നാം പിന്തുടരണം. അതുകൊണ്ടാണ്. ഈ കബറിങ്കൽ വരുന്നവർക്ക് അനുഗ്രഹം ലഭിക്കുന്നതും കാര്യസാദ്ധ്യം ലഭിക്കുന്നതും. യാക്കൂബ് തൃതിയൻ ബാവ ഇവിടെ 13 വർഷം താമസിച്ച് ശുശ്രൂഷിച്ചിട്ടുണ്ട്. അഭി. യൂലിയോസ് ബാവയും അനേകവർഷം ഈ ദയറായിൽ ശുശ്രൂഷിച്ച് അനേകർക്ക് വൈദീകവിദ്യാഭ്യാസം നൽകിയിട്ടുണ്ട്. 1964 മുതൽ ഞാനും പല പ്രാവശ്യം ഇവിടെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്.

നിങ്ങളുടെ ശ്രേഷ്ഠ കാതോലിക്കാബാവ ഒരു അത്ഭുതമാണ്. അദ്ദേഹത്തിന്റെ കാലത്ത് സഭക്ക് വലിയനേട്ടവും വളർച്ചയുമാണ് ഉണ്ടായിരിക്കുന്നത്. സഭയ്ക്കുപുരോഗതി വെട്ടിതുറന്നു സഭയും ഉയർച്ചക്കും വളർച്ചക്കും അടിസ്ഥാനം അദ്ദേഹത്തിന്റെ പ്രവർത്തനമാണ്. എല്ലാഭാഗത്തും മെത്രാന്മാരും പള്ളികളുമായി അഭിമാനിക്കത്തക്ക സഭാകേന്ദ്രമുണ്ടായി. അനേകം സ്ഥാപനങ്ങൾ നിർമ്മിച്ചു. ഭൗതീക വളർച്ചപോലെ തന്നെ ആത്മീയവളർച്ചയുമുണ്ടായി. അദ്ദേഹത്തിന്റെ അന്ത്യോഖ്യ സിംഹാസനഭക്തി അചഞ്ചലമാണ്. രണ്ടു പാത്രിയർക്കീസ്മാരോടൊപ്പം അദ്ദേഹത്തിന് പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായി. ശ്രേഷ്ഠബാവക്ക് ആയുസും ആരോഗ്യവും നേരുന്നു.

പ. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ സഭാസഭക്കുവേണ്ടി പ്രത്യേകാൽ ഇന്ത്യയിലെ തന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ശ്ലൈഹീക വാഴ്വ് ഞാൻ നിങ്ങൾക്ക് നൽകുന്നു. രോഗബാധിതനായ അദ്ദേഹത്തിനുവേണ്ടി സഭാമക്കൾ പ്രാർത്ഥിക്കണം അദ്ദേഹം ആവശ്യപ്പെട്ടു.

## ബറോഡാ ഇടവകയെ സഹായിക്കുക

സ്വന്തമായി ആരാധനാലയമില്ലാതെ മറ്റുള്ളവരുടെ ഔദാര്യത്തിൽ ആരാധന നടത്തിവന്നിരുന്ന ബറോഡാ സെന്റ് മേരീസ് യാക്കോബായ ഇടവക ഇപ്പോൾ ബറോഡാ നഗരത്തിനുള്ളിൽ ഒരു ആരാധനാസ്ഥലത്തിന് അഡ്വാൻസ് കൊടുത്തിട്ടിരിക്കയാണ്. സ്ഥലം വാങ്ങി പള്ളി സ്ഥാപിക്കുന്നതിന് ഈ ചെറിയ ഇടവക സഭാംഗങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു. ശ്രേഷ്ഠ ബാവ തിരുമനസ്സു കൊണ്ട് No. OSK-M/23/2009 കല്പനയിലൂടെ മുംബൈ ഭദ്രാസനത്തിലെ ഈ ഇടവകക്ക് നമ്മുടെ ഇടവകകളും വ്യക്തികളും വേണ്ട സാമ്പത്തികസഹായം ചെയ്തു അവരുടെ ആഗ്രഹം സഫലീകരിക്കണമെന്ന് കല്പിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്കായോ ഡ്രാഫ്റ്റായോ St. Mary's Jacobite Syrian Church, Baroda എന്ന പേരിലോ, Karunya Foundation Vadodara എന്ന പേരിലോ, വികാരി ഫാ. ഡോ. സി. പി. വറുഗീസ് സെന്റ് മേരീസ് യാക്കോബായ സുറിയയാനിപ്പള്ളി, ബറോഡാ എന്ന പേർക്ക് അയച്ചുകൊടുക്കുക.

## ജിൻസിമോൾക്ക്<br>തുമ്പമൺ ഭദ്രാസനത്തിൽ 1-ാം റാങ്ക്

മെഴുവേലി ശാലേം സെന്റ് ജോർജ്ജ് യാക്കോബായ ഇടവകാംഗമായ മോടിയിൽ ജിൻസിമോൾക്ക് ജെ.എസ്.എൽ.സിക്ക് തുമ്പമൺ ഭദ്രാസനത്തിലെ ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ചതിന് അവാർഡ് ലഭിച്ചു. അഭിനന്ദനങ്ങൾ.

# സാമർത്ഥ്യമുള്ള ഭാര്യ മുത്തിനേക്കാൾ വിലയേറിയത്

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**

ഒരു കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെ വില വളരെ വലുതാണ്. പക്ഷേ സ്വഭാവം, പ്രവൃത്തി, പെരുമാറ്റം, സംസാരം എന്നിവയുടെ അടിസ്ഥാനത്തിൽ വില കൂടുകയും കുറയുകയും ചെയ്യുന്നു. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂന്ന് കാലഘട്ടത്തിൽ ജീവിച്ച മൂന്ന് വനിതകളെ ഇവിടെ പരിചയപ്പെടുത്തുകയാണ്. അവരിൽനിന്ന് പഠിക്കാവുന്നത് പഠിച്ച് സ്ത്രീത്വത്തെ വിലയുള്ളതാക്കി തീർക്കാൻ കഴിയും.

ശലോമോൻ ജ്ഞാനി ബി.സി. 930 ൽ എഴുതിയ സദൃശ്യവാക്യങ്ങൾ 31-ാം അദ്ധ്യായത്തിൽ സാമർത്ഥ്യമുള്ളേ ഒരു ഭാര്യ, അമ്മ, യജമാനത്തി എന്നീ നിലകളിൽ ശോഭിച്ച വനിതയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. മുത്തിനേക്കാൾ വിലയുള്ളവളാണ് സാമർത്ഥ്യമുള്ള ഭാര്യയെന്നും ചാരിത്രശുദ്ധിയുള്ളവളാകയാൽ ഭർത്താവ് അവളെ ഹൃദയംഗമായി വിശ്വസിക്കുന്നുവെന്നും കുടുംബകാര്യങ്ങളെല്ലാം ചിട്ടയായി ചെയ്യുകയും ഓരോരുത്തർക്കും വേണ്ടത് ക്രമീകരിക്കുകയും ചെയ്യുന്ന വീട്ടമ്മയാകയാൽ മക്കൾ അവളെ ഭാഗ്യവതിയെന്ന് വാഴ്ത്തുന്നതായും അവളുടെ സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും മഹിമയാൽ ഭർത്താവ് പട്ടണത്തിൽ പ്രശംസിക്കപ്പെടുന്നതായും പറഞ്ഞിരിക്കുന്നു. ഈ സ്ത്രീക്ക് ഇങ്ങനെയുള്ള ഗുണഗണങ്ങൾ ഉണ്ടാകാനും പ്രശംസിക്കപ്പെടാനും കാരണം അവൾ യഹോവ ഭക്തയായിരുന്നതുകൊണ്ടാണ്. വ്യക്തമായ ആത്മീയ ദർശനവും ദൈവഭക്തിക്കനുസരിച്ചുള്ള സ്വഭാവവും പ്രവൃത്തിയും ജീവിതവും അവളിൽ ഉണ്ടായിരുന്നു.

യേശു ഭൂമിയിൽ സഞ്ചരിച്ചിരുന്ന കാലത്ത് കണ്ടുമുട്ടിയ ശമര്യക്കാരി സ്ത്രീയെ രണ്ടാമതു പരിചയപ്പെടാം. യോഹന്നാൻ 4-ാം അദ്ധ്യായം 22-ാം വാക്യത്തിൽ അവൾ ദൈവമല്ലാത്തതിനെ ആരാധിക്കുന്നവളായിരുന്നു. എവിടെ, എങ്ങനെ ആരാധിക്കണമെന്നും അവൾക്ക് ഒരുറപ്പുമില്ലായിരുന്നു. അതായത് ആത്മീയദർശനവും ജീവിതവിശുദ്ധിയും എന്തെന്ന് മനസ്സിലാക്കാൻ കഴിയാതിരുന്നതിനാൽ അവളുടെ കുടുംബജീവിതവും സ്വഭാവവും പ്രവൃത്തിയും ദുഷിച്ചതും തകർന്നതുമായിരുന്നുവെന്നാണ് കാണുന്നത്. യേശുവിനെ മശിഹയായി അംഗീകരിക്കുകയും വിശ്വസിക്കുകയും ആത്മാവിലും സത്യത്തിലുമുള്ള ആരാധന ചെയ്യുകയും ആരംഭിക്കുകയും ചെയ്തതോടെ അവളുടെ ജീവിതം അർഥപൂർണമായിത്തീരുന്നതും ശ്രദ്ധേയമാണ്.

അപ്പൊസ്തല പ്രവൃത്തികൾ 16-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ലുദിയ എന്ന സ്ത്രീയെ മൂന്നാമതായി പരിചയപ്പെടാം. അവളും കുടുംബവും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച് സ്നാനപ്പെട്ടവരായിരുന്നു. പൗലോസ് അപ്പൊസ്തലൻ ദൈവവചനം പ്രസംഗിച്ചപ്പോൾ വളരെ ശ്രദ്ധാപൂർവം കേട്ടുകൊണ്ടിരുന്നതിനാൽ കർത്താവ് അവളുടെ ഹൃദയം തുറന്നതായി കാണാം. ഉപജീവനത്തിനായി രക്താംബരം (ചുന്ന കമ്പിളി) വില്ക്കുന്നവളായിരുന്നു. എന്നാൽ ശബത്ത് ദിവസത്തിൽ മറ്റു സ്ത്രീകളെ സംഘടിപ്പിച്ച് തന്റെ രക്ഷയുടെ അനുഭവം പങ്കുവയ്ക്കുകയും ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. സഹോദരി സമാജത്തിന്റെ പ്രവർത്തനത്തിനുള്ള വേദപുസ്തകാടിസ്ഥാനം ലുദിയയാണെന്ന് പറയുന്നതിൽ തെറ്റില്ല. കുടുംബകാര്യങ്ങൾ അനുഗ്രഹിക്കപ്പെട്ട നിലയിൽ കൈകാര്യം ചെയ്യാനും ഉപജീവിനകാര്യങ്ങൾ ലാഭകരമായി നിർവഹിക്കാനും ലുദിയയ്ക്കു സാധിച്ചതിനുകാരണം അവൾ കർത്താവിൽ വിശ്വസ്തയായിരുന്നതുകൊണ്ടാണ്. ദൈവദാസന്മാരെ ഭവനത്തിൽ കൈക്കൊള്ളാനും അവരെ ശുശ്രൂഷിക്കാനും ലുദിയയ്ക്ക് നല്ല മനസ്സുണ്ടായിരുന്നു.

ഒരു ഉത്തമ സ്ത്രീക്കുണ്ടായിരിക്കേണ്ട ഗുണങ്ങളുണ്ടാകുവാനും നല്ലൊരു വീട്ടമ്മയാകാനും ആത്മാർത്ഥമായ ദൈവവിശ്വാസവും അതിനുചേർന്ന സ്വഭാവവും പ്രവൃത്തിയും ആവശ്യമാണെന്ന് ഈ സ്ത്രീകൾ നമ്മെ പഠിപ്പിക്കുന്നു. ഈ പാഠങ്ങൾ ഉൾക്കൊണ്ട് മുത്തിനേക്കാൾ വിലയുള്ള സ്ത്രീയായി തീരാൻ എല്ലാവർക്കും കഴിയട്ടെ.

**കാൽനട തീർത്ഥയാത്ര അനുഗ്രഹപ്രദം; മഞ്ഞനിക്കര പുണ്യഭൂമി: ബഹനാൻ മാർ ദീവന്നാസ്യോസ് (ജസ്സീറാ ബിഷപ്പ്)**

മഞ്ഞനിക്കര: ഈ പുണ്യഭൂമിയിൽ വന്ന് പരിശുദ്ധന്റെ കബറിടം സന്ദർശിക്കാൻ ലഭിച്ച അവസരം ഭാഗ്യമായി കരുതുന്നു. ഇന്ത്യയിൽ ആദ്യമായി വരുവാൻ തന്ന അവസരത്തെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പ. പാത്രിയർക്കീസ് ബാവക്ക് നന്ദി പറയുന്നു. ലോകത്തിലെ ഏറ്റവും പ്രായമേറിയതും സീനിയറും (51 വർഷം) ആയ ബിഷപ്പാണ് ഞാൻ. ദിവസങ്ങളോളം കഷ്ടപ്പെട്ട് ഇവിടേക്കുവരുന്ന നിങ്ങളെ അഭിനന്ദിക്കുന്നു. ദൈവം അതിനു പ്രതിഫലം തരും. പ. ബാവ നിങ്ങൾക്ക് മദ്ധ്യസ്ഥനും കാവൽക്കാരനുമായിരിക്കും. നിങ്ങളുടെ സുന്ദരമായ വദനങ്ങളിലെ തീക്ഷ്ണമായ വിശ്വാസവും ഭക്തിയും ഞാൻ കാണുന്നു. സമാധാനത്തിന്റെ അംബാസിഡറായ പ. ഏലിയാസ് ബാവ നിങ്ങൾക്കുവേണ്ടി മലങ്കരയിൽ വന്ന് വി. ബലികൾ അർപ്പിക്കുകയും മദ്ധ്യസ്ഥത അണയ്ക്കുകയും ഈ പുണ്യഭൂമിയിൽ ജീവൻ ബലിഅർപ്പിച്ച് കബറടങ്ങിയതും അനുഗ്രഹത്തിനും നമുക്കുവേമ്ടി ദൈവമുമ്പാകെ പക്ഷപാതം നടത്തുവാനുമാണ്. നിങ്ങൾക്ക് ദൈവശക്തിയും സമാധാനവും സന്തോഷവും സമൃദ്ധിയും നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഈ വയോധികനുവേണ്ടിയും പ്രാർത്ഥിക്കുക. ശ്രേഷ്ഠ ബാവയോടും മലങ്കരയിലെ എല്ലാ മെത്രാപ്പോലീത്തന്മാരോടുമുള്ള നന്ദി അറിയിക്കുന്നു.

## രാജശ്രീ ഡോ. പി.ടി. തോമസ് പാലമ്പടത്തിന്റെ 50-ാം ചരമവാർഷികം

പ. സുറിയാനി സഭക്കുവേണ്ടിയും അന്ത്യോഖ്യം മലങ്കരബന്ധം കാത്തുസൂക്ഷിക്കാനും എല്ലാംമറന്ന് ജീവിച്ച ഡോ. പി.റ്റി. തോമസ് പാലമ്പടം എന്ന മഹാത്മാവ് ഇഹലോകവാസം വെടിഞ്ഞിട്ട് അരനൂറ്റാണ്ടായി. സുറിയാനി സഭയ്ക്ക് ഒരിക്കലും മറക്കാനാവാത്ത വ്യക്തിത്വമാണ് അദ്ദേഹം. പുതിയ തലമുറ അദ്ദേഹത്തെ അറിയണം. മലങ്കരയിൽ സത്യവിശ്വാസം സംരക്ഷിക്കാൻ അന്ത്യോഖ്യാബന്ധം നിലനിർത്താൻ അദ്ദേഹം നടത്തിയ സേവനങ്ങൾ സഹനങ്ങൾ നഷ്ടങ്ങൾ എല്ലാം വരുംതലമുറ നന്ദിയോടെ മനസ്സിലാക്കിയിരിക്കണം. സഭയിൽനിന്ന് എന്തുകിട്ടുമെന്നുമാത്രം ചിന്തിക്കുന്ന പുതുതലമുറയ്ക്ക് അദ്ദേഹം ഒരു അപവാദമാണ്.

നിസ്വാർത്ഥത, സേവന സന്നദ്ധത, ത്യാഗമനോഭാവം, കഠിനാദ്ധ്വാനം, സത്യസന്ധത ഈ ഉന്നത വ്യക്തിത്വത്തെ സമൂഹത്തിൽ അറിയപ്പെടുന്നവനാക്കി. സമ്പത്തും സ്ഥാനവും വിദ്യാഭ്യാസവും ഉണ്ടെങ്കിൽ സമൂഹത്തെയും സഭയേയും മറക്കുന്ന ഇന്നത്തെ യുവസമൂഹം അദ്ദേഹത്തെ മാതൃകയാക്കേണ്ടിയിരിക്കുന്നു. മധുരയിലെ അമേരിക്കൻ സ്കൂളിൽ പഠിച്ച് മിറാജിലെ മെഡിക്കൽ കോളജിൽ നിന്നും ബിരുദം സമ്പാദിച്ച് ട്രോപ്പിക്കൽ പ്ലാന്റേഷൻ മാനേജിംഗ് ഡയറക്ടറായ അദ്ദേഹം പ്രാർത്ഥനക്കും നോമ്പിനും ഉപവാസത്തിനും സഭാസ്നേഹത്തിനും ഒരു ലോഭവും കാട്ടിയില്ല. ലളിതവും ഹൃദ്യവുമായ പെരുമാറ്റംകൊണ്ട് ഈ ഉന്നത കുലജാതൻ എല്ലാവർക്കും സ്നേഹഭാജനമായി. 1892 മെയ് 17നു ജനിച്ച അദ്ദേഹം 1945 ൽ കോട്ടയം നഗരസഭാ പിതാവായി. 1951ൽ വിജയപുരത്തുനിന്ന് തിരുവിതാംകൂർ ലെജിസ്ലേറ്റിവ് അസംബ്ളിയിലേക്ക് നിന്ന് മത്സരിച്ചു. എം.എൽ.സി.യായി. 1954ൽ പുതുപ്പള്ളിയിൽ നിന്ന് ആദ്യ കേരള നിയമസഭാഗമായി. തിരുവിതാംകൂർ മഹാരാജാവിൽ നിന്ന് രാജശ്രീ പട്ടം ലഭിച്ചു. മലയാളത്തിലെ ആദ്യ ദിനപത്രം 'പ്രതിദിനം' അദ്ദേഹമാണ് ആരംഭിച്ചത്. 'ഡെയ്‌ലിന്യൂസ്' എന്ന ഇംഗ്ലീഷ് പത്രവും ആരംഭിച്ചു. വെള്ളൂർ പി.ടി.എം. ഹൈസ്കൂൾ, കോട്ടയം സി.എം.എസ്. കോളജ് സുവോളജി ബ്ലോക്ക് അദ്ദേഹത്തിന്റെ സംഭാവനകളാണ്. കോതമംഗലം എം.എ. കോളജിന്റെ ചെയർമാനായിരുന്നു. മഞ്ഞനിക്കര ദയറായുടെ ബഹുഭൂരിഭാഗം സ്ഥലവും അദ്ദേഹം വാങ്ങിനല്കിയതാണ്. പാമ്പാടി, മീനടം ലൈബ്രറികൾ അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായുണ്ടായതാണ്. കേരളത്തിൽ യൂണിവേഴ്സറ്റിക്കും സ്ഥലം നല്കുകയുണ്ടായി. 1959 ഫെബ്രുവരി 1ന് നമ്മെ വിട്ടുപിരിഞ്ഞു.

## നോമ്പ് ഇളവ് നീക്കി

മലങ്കരക്കാരുടെ അഭ്യർത്ഥന മാനിച്ച് 1951ൽ പ. അപ്രേം പ്രഥമൻ ബാവ വലിയനോമ്പിൽ അനുവദിച്ച ഇളവ് മലങ്കരയുടെ പരി. സിനഡിന്റേയും വിശ്വാസികളുടേയും അപേക്ഷപ്രകാരം പ. സഖാ പ്രഥമൻ ബാവ തിരുമനസ്സുകൊണ്ട് നീക്കി കല്പനയായി.

മലങ്കരയിലെ കാലാവസ്ഥയാണ് മുമ്പ് ഇങ്ങനെയൊരു ക്രമീകരണം നടത്താൻ കാരണമായത്. എന്നാൽ അതൊക്കെ അതിജീവിക്കാൻ കഴിയുന്ന സാഹചര്യമാണ് കേരളത്തിലെ വിശ്വാസികൾക്കുള്ളത്. അതിനാൽ അങ്ങനെയൊരു ഇളവിന്റെ ആവശ്യമില്ലെന്നുതന്നെയല്ല കഠിനമായ ഉപവാസവും നോമ്പും ശരീരത്തിനും ആത്മാവിനും മനസ്സിനും ഗുണം ചെയ്യുമെന്നും ബോധ്യവും ജനങ്ങൾക്കുണ്ട്. എന്തായാലും പുതിയ തീരുമാനം അഭിനന്ദനാർഹം തന്നെ.

## ചന്ദനപ്പള്ളിയെ അരാംകാതോലിക്ക ആഗോള തീർത്ഥാടന കേന്ദ്രമാക്കി

മലങ്കരയിലുള്ള ഓർത്തഡോക്സ് കാതോലിക്കാമാർ പലരേയും വിശുദ്ധരാക്കി, പലടവും തീർത്ഥാടനകേന്ദ്രമാക്കി. പക്ഷേ തീർത്ഥാടകർ ഒന്നും ചെല്ലുന്നില്ല ഇതു മനസ്സിലാക്കിയിട്ടാകാം അമ്മേനിയയിൽനിന്ന് കാതോലിക്കായെ വരുത്തി പ്രഖ്യാപനം നടത്തിയത്.

എന്നാൽ പ. പാത്രിയർക്കീസ് ബാവ പ്രഖ്യാപിച്ച കായംകുളം കട്ടച്ചിറ യാക്കോബായ പള്ളിയിൽ പതിനായിരങ്ങൾ ദിനംതോറും വന്ന് അനുഗ്രഹം പ്രാപിക്കുന്നു. വേഷമിട്ടതുകൊണ്ടോ കല്പന ഗംഭീരമാക്കിയതുകൊണ്ടോ യോഗ്യതയുണ്ടാകില്ല. എന്തായാലും വിദേശീയരെ വേണ്ടാത്ത സ്വതന്ത്രസഭക്കാർ വിദേശീയ മെത്രാന്മാരെ എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്നത് കാണുമ്പോൾ സന്തോഷമുണ്ട്.

## സുറിയാനിസഭ കർത്താവിന്റെ സഭ; മാർ ഒസ്ത്താത്തിയോസ് മത്താറോഹ (യൂഫ്രട്ടീസ് ജസ്സീറ)

ദൈവജനം അന്ത്യോഖ്യ സിംഹാസനത്തെ സ്നേഹിക്കുന്നത് യേശു ക്രിസ്തുവിനെ സ്നേഹിക്കുന്നതുകൊണ്ടാണ്. കർത്താവിന്റെ ഭാഷയായ സുറിയാനി വിശുദ്ധ ഭാഷയാണ്. അതാണ് സഭാഭാഷയും തലയാകുന്ന ക്രിസ്തുവിനെ ശരീരമാകുന്ന സഭ സ്വീകരിക്കുന്നു. അതിനാൽ ഇത് ചരിത്രാതി സഭയാണ്. ഗ്രീക്കും ലത്തിനും സിറിയക്കിൽനിന്നുണ്ടായതാണ്. ഇംഗ്ലീഷ് അക്ഷരമാല അറമായ ഭാഷയിൽ നിന്നുണ്ടായിട്ടുള്ളതാണ്. സുറിയാനിയാണ് അക്ഷരമാലയും സംഖ്യയും സമ്മാനിച്ചത്.

ഈ തീർത്ഥാടനത്തിലൂടെ നിങ്ങൾക്ക് രോഗസൗഖ്യവും ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകും. ഈ സ്വർഗ്ഗീയ തീർത്ഥാടനത്തിലൂടെ-സ്വർഗ്ഗീയ അനുഗ്രഹം നിങ്ങൾ പ്രാപിക്കും. ഞങ്ങളുടെ വരവ് അന്ത്യോഖ്യായിക്ക് നിങ്ങളോടുള്ള അതിരറ്റ സ്നേഹമാണ് കാണിക്കുന്നത് അന്ത്യോഖ്യാ-മലങ്കരബന്ധം ഊട്ടിഉറപ്പിക്കാൻ ഇത് സഹായിക്കും. ഇവിടെ കബറടങ്ങിയിരിക്കുന്ന മാർ യൂലിയോസ് ബാവ ആദ്യ കുർബാന അർപ്പിച്ചതും, മെത്രാഭിഷിക്തനായതും കുർക്കുമാ ദയറായിലാണ്. ആദ്യ ഞായറാഴ്ച ജസ്സീറായിലെ ഹസ്സക്കിയിലെ ഒരു ഭവനത്തിൽ വി. കുർബാന അർപ്പിക്കുകയായിരുന്നു ഇന്നവിടെ പള്ളികളും സ്ഥാപനങ്ങളുമുണ്ട്. അവിടുന്നാണ് ഇന്ത്യയിലേക്ക് വന്നത്.

# ചെറിയാൻ കോട്ടയിലച്ചന് കണ്ണീരോടു വിട

കർത്താവിന്റെ സുവിശേഷം ഘോഷിക്കാൻ സ്വദേശമായ തിരുവഞ്ചൂരിൽനിന്ന് പന്തളത്തിനു സമീപമുള്ള മാന്തളിർ സെന്റ് തോമസ് യാക്കോബായ പള്ളിയിലേക്ക് തന്റെ സിമ്മിനാരി സഹഅദ്ധ്യാപകനും ഉറ്റ സ്നേഹിതനും ഇടവക വികാരിയുമായ ഫാ. സാജൻ ടി. ജോണിന്റെ അഭ്യർത്ഥനപ്രകാരം എത്തുകയും അവിചാരിതമായ അപകടത്തെത്തുടർന്ന് അകാല ചരമമടഞ്ഞ (മാന്തുക കത്തോലിക്കാ ദൈവാലയത്തിന് സമീപത്തുവെച്ചുണ്ടായ) ഫാ. കോട്ടയലിച്ചന് ജനലക്ഷങ്ങൾ കണ്ണീരോട് വിടനൽകി.



മാന്തളിർ പള്ളിയിലേക്ക് കുളനട ജംഗ്ഷനിൽ ഇറങ്ങി ഓട്ടോറിക്ഷായിൽ വരാനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും കോട്ടയത്തുനിന്ന് സൂപ്പർ ഫാസ്റ്റിൽ കയറിയ അച്ചൻ സ്റ്റോപ്പില്ലാത്ത സ്ഥലത്ത് (പള്ളിയും മാന്തുക എന്ന ബോർഡും കണ്ട്) കണ്ടക്ടറോട് ആവശ്യപ്പെട്ടു ഇറങ്ങുകയായിരുന്നു. തുടർന്ന് റോഡിന്റെ ഓടയോടടുത്ത് തൊട്ടടുത്ത വീട്ടിൽ ഓട്ടോറിക്ഷയിൽ വന്നിറങ്ങിയ കൃഷ്ണൻനായർ എന്ന വ്യക്തിയോട് പള്ളിയിലേക്ക് പോകുന്നവഴി ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അമിതവേഗത്തിൽ ഗതിമാറി വന്ന സ്വാഗത് എന്ന ട്രക്ക് പ്ലസ് കാരിയർ വന്നിടിക്കുകയും കൃഷ്ണൻനായർ ഉടൻതന്നെ മരിക്കുകയും ഓട്ടോയുടെ അടിയിലായിരുന്ന അച്ചനെ നാട്ടുകാർ ഓട്ടോ മറിച്ചിട്ട് എടുത്ത് ഉടൻതന്നെ പന്തളം സി.എം. ആശുപത്രിയിൽ എത്തിച്ചെങ്കിലും തലക്ക് മാരകമായ ക്ഷതമേറ്റ് വഴിയിൽവെച്ചുതന്നെ മരണപ്പെടുകയുമായിരുന്നു. തൊട്ടടുത്ത അച്ചനോട് സംസാരിച്ചുകൊണ്ടിരുന്ന കൃഷ്ണൻനായർ വന്ന ഓട്ടോയുടെ ഡ്രൈവർ തെറിച്ചു വീണ് കാൽ ഒടിഞ്ഞെങ്കിലും രക്ഷപ്പെടുകയുമുണ്ടായി.

പുണ്യശ്ലോകനായ പെരുമ്പള്ളി തിരുമേനിയുടെ അരുമ ശിഷ്യനായിരുന്ന അച്ചൻ 18-ാം വയസ്സിൽ ശെമ്മാശ്ശനായി തിരുമേനിയോടൊപ്പം ശുശ്രൂഷിച്ച് മലയാളത്തിലും സുറിയാനിയിലും പാണ്ഡിത്യം നേടി. പെരുമ്പള്ളി തിരുമേനിയുടെ ആത്മാവ് അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു. ആരാധനയിലും ശബ്ദത്തിലും ആ അനുകരണം അറിയാതെ വന്നിരുന്നു. സുറിയാനി ആരാധനാ സംഗീതത്തിൽ (എക്കാറ) അദ്ദേഹത്തെ കവച്ചുവെക്കുവാൻ യാക്കോബായ സഭയിലെയല്ല മലങ്കരയിൽ തന്നെ മറ്റൊരാളില്ലെന്നതാണ് സത്യം. അതുകൊണ്ടു തന്നെ തന്റെ ശിഷ്യഗണത്തിൽ വിവിധ സഭാവിഭാഗങ്ങളിൽപ്പെട്ട മൂവായിരത്തിലധികം വൈദീകർ ഇന്നുണ്ട്.

പട്ടത്വശുശ്രൂഷകൾ, ആരാധനാസംഗിതങ്ങൾ പ്രത്യേക ശുശ്രൂഷാക്രമങ്ങൾ എല്ലാംതന്നെ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് സഭിയിലെങ്ങും നടത്തിയിരുന്നത്. ഭക്തിഗാനങ്ങളും ഓമല്ലൂർ ബാവയുടെ തീർത്ഥാടനഗാനങ്ങളും അപേക്ഷകളും രചിച്ചുപാടി റിക്കാർഡ് ചെയ്തു പുറത്തിറക്കിയത് ആയിരങ്ങൾ ഉപയോഗിച്ചുവരുന്നു. ഗുണപാഠകഥകളും ചെറുകഥകളും പ്രാർത്ഥനാപുസ്തകങ്ങളും രചിച്ചിട്ടുള്ളതിന് ക്രൈസ്തവ സാഹിത്യസമിതികളുടെ ഉൾപ്പെടെ ഒട്ടേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

അധികാര സ്ഥാനങ്ങളിൽനിന്നും പൂർണ്ണമായും അകന്നുനിന്ന് സഭക്കുവേണ്ടിയും സഭയുടെ ആത്മീയ വളർച്ചക്കുവേണ്ടിയും സത്യവിശ്വാസത്തിനുവേണ്ടിയും അത്യദ്ധ്വാനം ചെയ്തിരുന്ന ബഹു. അച്ചന്റെ നിര്യാണം സ്വന്തം കുടുംബത്തിനുമാത്രമല്ല സഭയ്ക്കാകമാനം അക്ഷരാർത്ഥത്തിൽ നഷ്ടമുണ്ടാക്കിയിരിക്കയാണ്. ഒരു ജന്മം കഴിഞ്ഞാലും ഇതുപോലൊരു മാതൃകാ വ്യക്തിത്വത്തിനെ സഭക്കോ സമൂഹത്തിനോ ലഭിക്കില്ല.

ബഹു. അച്ചന്റെ മൃതദേഹം ഇടപ്പോൺ ജോസ്കോ ആശുപത്രിയിലേക്കും അവിടുത്തെ നിയമപരമായ കാര്യങ്ങൾക്കുശേഷം അദ്ദേഹം ഏറ്റവും സ്നേഹിക്കുകയും ആദരിക്കുകയും പിതൃതുല്യം കരുതുകയും ചെയ്ത പുണ്യശ്ലോകനായ കുറിയാക്കോസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ കബറടങ്ങിയിരിക്കുന്ന തെക്കൻ ഭദ്രാസനാസ്ഥാനമായ വടക്കടത്തുകാവ് മിഖായേൽ മാർ ദീവന്നാന്ന്യോസ് ദയറാ ചാപ്പലിൽ കൊണ്ടുപോയി അംശവസ്ത്രങ്ങളണിയിപ്പിച്ച് അഭി. യൂഹാനോൻ മാർ മിലിത്തിയോസ്, കുറിയാക്കോസ് മാർ തെയോഫിലോസ് ഒന്നാം ശുശ്രൂഷ നടത്തിയതിനുശേഷം നൂറുകണക്കിനു വാഹനങ്ങളിലായി ആയിരക്കണക്കിനു വാഹനങ്ങളിലായി ആയിരക്കണക്കിന് വിശ്വാസികളുടെ അകമ്പടിയോടെ മൊബൈൽ മോർച്ചറിയിൽ തിരുമേനിമാരുടെ നേതൃത്വത്തിൽ തിരുവഞ്ചൂരിലേക്ക് കൊണ്ടുപോയി. യാത്രാമദ്ധ്യേ മാന്തുക സെന്റ് തോമസ് യാക്കോബായ സുറിയാനിപ്പള്ളി കുരിശിൻ സൗധത്തിൽ പൊതുദർശനത്തിനുവെച്ചപ്പോൾ അന്തിമോപചാരം അർപ്പിക്കാൻ ആയിരങ്ങൾ കാത്തുനിന്നിരുന്നു. തന്റെ സഹപ്രവർത്തകനും ഇടവക വികാരിയുമായ ഫാ. സാജൻ ടി. ജോൺ പൊട്ടിക്കരഞ്ഞുകൊണ്ടാണ് മൃതദേഹത്തിൽ റീത്ത് സമർപ്പിച്ചത്. തുടർന്ന് യാക്കോബായ ഓർത്തഡോക്സ്, കത്തോലിക്കാ സഭകളിലെ വൈദീകരും ഇടവകക്കുവേണ്ടി ട്രസ്റ്റി, സെക്രട്ടറി, അദ്ധ്യാത്മീക സംഘടനാനേതാക്കളും റീത്തുകളും ആയിരങ്ങൾ കണ്ണിരോട് അന്തിമോപചാരവും അർപ്പിച്ചു. കുളനട ഓർത്തഡോക്സ് പള്ളിക്കുസമീപം ഓർത്തഡോക്സ് ഇടവക വികാരിയുടേയും വൈദീകരുടേയും ഇടവകാംഗങ്ങളുടേയും നേതൃത്വത്തിൽ റീത്ത്വെച്ച് അന്തിമോപചാരം അർപ്പിച്ചു. കാരയ്ക്കാട് എത്തിയപ്പോൾ വികാരി ഫാ. കോശി പ. ജോർജ്ജ്, ഇടവക ട്രസ്റ്റി, സഭാവർക്കിംഗ് കമ്മിറ്റിയംഗം അലക്സാണ്ടർ കാരയ്ക്കാട് എന്നിവർ റീത്തുകൾ സമർപ്പിക്കുകയും നൂറുകണക്കിന് വിശ്വാസികളും നാട്ടുകാരും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. തിരുവല്ലായിലെത്തിയപ്പോൾ സെന്റ് മേരീസ് പള്ളി, സിംഹാസനപ്പള്ളി എന്നിവക്കുവേണ്ടിയും റീത്തുകൾ സമർപ്പിക്കുകയുണ്ടായി. താൻ സേവനം അനുഷ്ഠിച്ച കുറിച്ചി പുത്തൻപള്ളിയിലെത്തിയപ്പോഴേക്കും അലമുറയിട്ട പതിനായിരങ്ങൾ കാത്തുനില്ക്കുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു. തുടർന്ന് പള്ളിയിൽ പൊതുദർശനത്തിനുവെച്ച മൃതദേഹത്തെ പതിനായിരങ്ങൾ ദർശിച്ച് ആദരാഞ്ജലികൾ അർപ്പിക്കുമ്പോൾ ഇടവക മെത്രാപ്പോലീത്താ തോമസ് മാർ തീമോത്തിയോസിന്റെ നേതൃത്വത്തിൽ ശുശ്രൂഷകൾ നടത്തി വിടപറയിക്കൽ ചടങ്ങുംനടത്തി. തിരുവഞ്ചൂരിലെ വസതിയിലെത്തിച്ചു. മണർകാട് പള്ളിയിൽവെച്ച് ശ്രേഷ്ഠ ബാവയുടെ നേതൃത്വത്തിൽ ശുശ്രൂഷകൾ നടത്തി. പിറ്റേദിവസം, തൂത്തൂട്ടി മാർ ഗ്രീഗോറിയൻ ചാപ്പാൽ, തിരുവഞ്ചൂർ സെന്റ് ഇഗ്നാത്തിയോസ് ചാപ്പൽ, സെന്റ് ജോസഫ് കത്തീഡ്രൽ, പൊൻപള്ളി, മണർകാട് പള്ളി, വെള്ളൂർ സെന്റ് സൈമൺസ് പള്ളി എന്നിവടങ്ങളിൽ പൊതുദർശനത്തിനുവെക്കുകയും ലക്ഷക്കണക്കിന് ജനങ്ങൾ ബാഷ്പാഞ്ജലികൾ അർപ്പിച്ചതിനുശേഷം തിരുവഞ്ചൂർ വലിയപള്ളി സിമിത്തേരിയിൽ ശുശ്രൂഷകൾക്കുശേഷം സംസ്കരിച്ചു. തുടർന്നു നടന്ന അനുശോചനസമ്മേളനത്തിൽ സി.എഫ്. തോസമ്, ജോസഫ് എം. പുതുശ്ശേരി, അന്ത്യോഖ്യാ പ്രതിനിധി മാത്തറോഹം മാർ ഒസ്ത്താത്തിയോസ്, ബഹനാൻ മാർ ദിവന്നാസ്യോസ് തുടങ്ങിയവർ അനുശോനപ്രസംഗം നടത്തി. വി.എൻ. വാസവൻ, തോമസ് ചാഴിക്കാടൻ, കെ.എം. മാണി, ജോസ് കെ. മാണി, ഉമ്മൻചാണ്ടി, ഫാ. ഡോ. കെ.എം. ജോർജ്ജ് തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു. സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും നൂറുകണക്കിന് വൈദീകരും, സിമ്മിനാരി വിദ്യാർത്ഥികളും ആദ്യാവസാനം ചടങ്ങുകൾക്ക് നേതൃത്വം നല്കിയത് അച്ചന്റെ സഭാസേവനം ജീവിതവിശുദ്ധി, സൗമ്യമായ പെരുമാറ്റം വിനയം അർപ്പണമനോഭാവം ഇവയുടെ പ്രതിഫലനമാണ്. ഇത്രമാത്രം ജനങ്ങളുടെയും ശിഷ്യഗണത്തിന്റേയും സ്നേഹംപിടിച്ചുപറ്റിയ വൈദീകരെ ഈ കാലത്ത് കാണില്ല.



മെഴുവേലി സെന്റ് ജോർജ് യാക്കോബായ ശാലേം സുറിയാനി പള്ളിയുടെ നവതി ആഘോഷം ഗീവർഗീസ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യുന്നു.

## സഹജീവിസ്നേഹം ദൈവസ്നേഹത്തിന്റെ അടിസ്ഥാനം: മാർ ദിവന്നാസിയോസ്

മെഴുവേലി: സഹജീവികളെ സ്നേഹിക്കുന്നതാണ് ദൈവസ്നേഹത്തിന്റെ അടിസ്ഥാനമെന്ന് ഗീവർഗിസ് മാർ ദിവന്നാസിയോസ് പറഞ്ഞു. സെന്റ് ജോർജ് യാക്കോബായ ശാലേം സുറിയാനി പള്ളിയുടെ നവതി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇടവക വികാരി ഏലിയാസ് ജോർജ് അധ്യക്ഷത വഹിച്ചു. ഫാ. ഗീവർഗിസ്, ഫാ. ടി.ഐ. തോമസ്, ഫാ. കോശി പി. ജോർജ്, ഇടവക ട്രസ്റ്റി മാമ്മൻ മത്തായി, സെക്രട്ടറി ജോർജ് ജോൺ, ഡി. സാമുവൽ എന്നിവർ പ്രസംഗിച്ചു.

# BOOK POST

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

To

Sri/Smt. ............................................................................

.......................................................................................

.......................................................................................

.......................................................................................

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org